# ഗാഡ്ഗിൽ റിപ്പോർട്ട് അപ്രസക്തമായി!

വി.എസ്. വിജയൻ/കെ. ശ്രീജിത്ത്

**മൻമോഹൻ- ചിദംബരം- അലുവാലിയ ലൈനിലുള്ള റിപ്പോർട്ടാണ് കസ്തൂരി രംഗൻേറത് ★ സ്പേസ് സയൻറിസ്റ്റ് മാത്രമായ കസ്തൂരി രംഗന് പശ്ചിമഘട്ടത്തെക്കുറിച്ച് പഠിക്കാൻ യോഗ്യതയില്ല★ കസ്തൂരി രംഗൻ റിപ്പോർട്ട് പരിസ്ഥിതിയേയും ജനങ്ങളെയും പ്രതികൂലമായി ബാധിക്കും★ പശ്ചിമഘട്ടം സംബന്ധിച്ച കസ്തൂരി രംഗൻ റിപ്പോർട്ടിലെ ഉൾനാടകങ്ങൾ വെളിപ്പെടുത്തുകയാണ് ഗാഡ്ഗിൽ സമിതി അംഗവും ജൈവ വൈവിധ്യ ബോർഡ് മുൻ ചെയർമാനുമായ വി.എസ്.വിജയൻ.**

**കെ. ശ്രീജിത്ത്: പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം സംബന്ധിച്ച പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ഏറെ വിവാദങ്ങൾ ഉയർന്ന ശേഷമാണ് ഇപ്പോൾ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. പൊതുസമൂഹത്തിൽ വലിയ ചർച്ച തുടങ്ങിയിട്ടില്ല. റിപ്പോർട്ടിനെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

**വി.എസ്. വിജയൻ:** പൊതുവേ പറഞ്ഞാൽ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൻെറ അന്തസ്സത്ത മനസ്സിലാക്കാതെയോ മനസ്സിലാക്കിയിട്ട് Business as usual എന്ന രീതിയിൽ ചെയ്തിരിക്കുകയോ ആണ് എന്ന് സംശയിക്കുന്നു. എന്തായാലും അന്തസ്സത്ത ഉൾക്കൊണ്ടിട്ടില്ല. പരിസ്ഥിതി സംരക്ഷണത്തിൽ വിശ്വസിക്കുന്ന ഒന്നുരണ്ടാളുകളും ആ കമ്മിറ്റിയിലുണ്ട്. ഒന്നുകിൽ അന്തസ്സത്ത മനസ്സിലാക്കിയിട്ടില്ല, അതല്ലെങ്കിൽ ഇപ്പോഴത്തെ ... ഴിമിതിയുണ്ടെങ്കിൽ അതിനെ ശക്തിപ്പെടുത്താം.

■ **അന്തസ്സത്ത മനസ്സിലാക്കാതെയുള്ള റിപ്പോർട്ടാണ് എന്ന പ്രസ്താവന കസ്തൂരിരംഗനെപോലുള്ള ഒരു ഉന്നത ശാസ്ത്രജ്ഞൻെറ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യുന്നതാണല്ലോ?**

ഞാൻ ഡോ. കസ്തൂരിരംഗൻെറ വിശ്വാസ്യത ചോദ്യം ചെയ്യുന്നില്ല. അദ്ദേഹത്തിൻെറ ക്രെഡിബിലിറ്റി മുഴുവൻ സ്പേസ് റിസർച്ചിലാണ്. ആ രംഗത്ത് ടോപ്പ് സയൻറിസ്റ്റാണ് അദ്ദേഹം. അത് ചോദ്യം ചെയ്യാൻ ഞാൻ ഒരിക്കലും തയ്യാറല്ല. ഈ കമ്മിറ്റിയുടെ ക്രെഡിബിലിറ്റി എന്ന് പറയുന്നത് ഇക്കോളജിക്കൽ സയൻസിലാണ്. മാധവ് ഗാഡ്ഗിൽ ഒരു ടോപ്പ്മോസ്റ്റ് ഇക്കോളജിക്കൽ സയൻറിസ്റ്റാണ്. ആർക്കും അതിൽ ഒരു തർക്കവുമില്ല. ഈ രണ്ട് വ്യത്യാസമുണ്ട് ഇരു കമ്മിറ്റികളും തമ്മിൽ. ആ വ്യത്യാസം സമീപനത്തിലടക്കം എ... സ്തൂരിരംഗൻ കമ്മിറ്റിക്ക് ചെയ്യാമായിരുന്നു. ഒരു ചർച്ചയെങ്കിലും ഗാഡ്ഗിൽ കമ്മിറ്റിയുമായി ആദ്യം നടത്താമായിരുന്നു. ഈ റിപ്പോർട്ടിനകത്ത് ഒരുപാട് തെറ്റുകളുണ്ട്, അബദ്ധങ്ങളുണ്ട്. ചർച്ച നടന്നിരുന്നെങ്കിൽ സമീപനം തന്നെയൊന്ന് മാറ്റാമായിരുന്നു. ഇത് പറയാനുള്ള കാരണം ഡോ. കസ്തൂരിരംഗൻ വളരെ സെൻസിബിളായ മനുഷ്യനാണ്. അദ്ദേഹത്തിനോട് കാര്യങ്ങൾ വ്യക്തമായി പറഞ്ഞുകൊടുത്തിരുന്നുവെങ്കിൽ മനസ്സിലാകുമായിരുന്നു എന്ന ധാരണകൂടിയുള്ളതിനാലാണ്. എന്നാൽ അതിനുള്ള ഒരവസരം കിട്ടിയില്ല. പ്ലാനിങ് കമ്മീഷൻെറ അതേ സമീപനം തന്നെയാണ് ഈ റിപ്പോർട്ടിൽ സ്വീകരിച്ചിരിക്കുന്നത് മുഴുവൻ. അതാണ് പ്രശ്നമായിരിക്കുന്നത്. ഇത് അദ്ദേഹത്തിൻെറ വ്യക്തിപരമായ കഴിവിനെയോ ആത്മാർഥതയെയോ ചോദ്യം ചെയ്യുന്നതല്ല. പ്ലാനിങ് കമ്മീഷൻെറ ഒരു ...ത്തെ മൻമോഹൻ സിങ്-ചിദംബരം-അലുവാലിയ ലൈൻ ഓഫ് തിങ്കിങ്ങിൽ കൂടിയേ കസ്തൂരിരംഗന് ചിന്തിക്കാൻ പറ്റുകയുള്ളൂ. ആ ലൈനിൽ തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടാണ്. കാരണം പരിസ്ഥിതി സംരക്ഷണത്തിന് റിപ്പോർട്ടിൽ പ്രാധാന്യം കൊടുത്തിട്ടില്ല. വികസനത്തിനും പ്രാധാന്യം കൊടുത്തിട്ടില്ല. വികസനമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സുസ്ഥിര വികസനത്തെയാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ വളരെ കൃത്യമായി പലസ്ഥലത്തും പറഞ്ഞിട്ടുണ്ട്. 'To enhance the livelihood of poor without affecting the natural resources' എന്ന്. അതായത് പ്രകൃതിക്ക് അധികം ആഘാതം കൂടാതെ ജനങ്ങളുടെ ജീവിതനിലവാരം എങ്ങനെ കൂട്ടാം? അതിന് ജനാധിപത്യ രീതിയിൽ ഗ്രാമസഭാതലത്തിൽ തീരുമാനം എടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ടോപ്പ് ഡൗൺ അപ്രോച്ചാണ്. ഇന്നുള്ള സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് മാത്രമേ പറഞ്ഞിട്ടുള്ളൂ. അ...ല്ലാത്തിലും വന്നു. പരിസ്ഥിതിയെക്കുറിച്ച് പഠിക്കുന്നയാളിന് സാമൂഹികമായപ്രതിജ്ഞാബദ്ധത (Social concern) കൂടി ഉണ്ടാവണം. അടിസ്ഥാനപരമായ ഒരു തത്ത്വം പറയുകയാണെങ്കിൽ പരിസ്ഥിതി സംരക്ഷിക്കുന്നതിന് പാവപ്പെട്ട ജനങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ച് നൽകണം. അതിന് പരിസ്ഥിതി നശിപ്പിക്കേണ്ട ആവശ്യമില്ല. കസ്തൂരിരംഗൻ സ്പേസ് റിസർച്ചറാണ്. ഫീൽഡിൽ പോയി റിസർച്ച് ചെയ്യേണ്ട കാര്യമില്ല. അത് വേറൊരു തലമാണ്. അതിനെ കുറ്റം പറയുകയല്ല. അതാണ് അദ്ദേഹത്തിൻെറ ലോകം. ഇത് മറ്റൊരു ലോകമാണ്. ആ ഒരു വ്യത്യാസമുണ്ട്. ഒരു കാര്യം ക...സമീപനം ഉണ്ടല്ലോ ഇപ്പോൾ. അലുവാലിയ ആണല്ലോ വൈസ് ചെയർമാൻ. കേരളത്തിൽ വന്നപ്പോൾ തണ്ണീർത്തടങ്ങൾ അല്ലെങ്കിൽ നെൽപ്പാടങ്ങളൊന്നും സംരക്ഷിക്കേണ്ട ആവശ്യമില്ല, അത് നികത്തിയിട്ട് അവിടെ വ്യവസായങ്ങൾ തുടങ്ങാമെന്ന് പറഞ്ഞ വിദ്വാനാണ് അദ്ദേഹം. ആ സമീപനത്തിലാണ് പ്ലാനിങ് കമ്മീഷൻ അംഗങ്ങളും.

■ **കസ്തൂരിരംഗൻ പശ്ചിമഘട്ട മലനിരകളെ കുറിച്ച് പഠിക്കാൻ യോഗ്യതയുള്ള ഒരു ശാസ്ത്രജ്ഞനല്ല എന്നാണോ പറയുന്നത്?**

വ്യക്തമായിട്ടും ഞാൻ പറയാം. അല്ല. അതിനുള്ള യോഗ്യത അദ്ദേഹത്തിനില്ല. പ്രൊഫ. ഗാഡ്ഗിലി



വി.എസ്. വിജയൻ

നോട് സ്പേസ് റിസർച്ചിൻെറ എന്തെങ്കിലും കാര്യം വിലയിരുത്താൻ പറഞ്ഞാൽ അദ്ദേഹമത് ആദ്യമേ തന്നെ സ്വീകരിക്കില്ല. പുള്ളി പറയും It is not my cup of a tea എന്ന്. അങ്ങനയേ പറയുകയുള്ളൂ. പരിസ്ഥിതിയുമായി കുറച്ചെങ്കിലും ബന്ധമുള്ള ആളുകൾ വേണ്ടിയിരുന്നു. ഇത് യാതൊരു ബന്ധവുമില്ല. പക്ഷേ, ആ കമ്മിറ്റിയിൽ രണ്ടു മൂന്ന് ആൾക്കാരുണ്ടായിരുന്നു.

**■ ഇത് പറയുമ്പോൾ കസ്തൂരിരംഗൻ കമ്മിറ്റിയിൽ സുനിതാ നാരായണനെപ്പോലെ ഇന്ത്യയിലും ലോകത്തും അറിയപ്പെടുന്ന, പരിസ്ഥിതി പ്രശ്നങ്ങളോട് വളരെ അനുഭാവപൂർവം പ്രതികരിക്കുന്ന ഒരു വ്യക്തിയുണ്ടായിരുന്നു. എന്നിട്ടും ഈ റിപ്പോർട്ട് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൻെറ അന്തസ്സത്തയ്ക്ക് അനുസരിച്ചായിരുന്നില്ലെന്ന് എങ്ങനെ പറയും?**

അത് നമുക്ക് പ്രതീക്ഷിക്കാതെ കിട്ടിയ ഒരു അടിയാണ്. ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല സുനിതാ നാരായൻ ഉള്ള കമ്മിറ്റി ഇങ്ങനെയൊരു റിപ്പോർട്ട് കൊണ്ടുവരുമെന്ന്. അതെന്തുകൊണ്ട് അങ്ങനെ ആയി എന്ന് ചോദിച്ചാൽ എനിക്ക് അറിയില്ല. സുനിതാ നാരായൻ എനിക്ക് വളരെ അടുത്ത് അറിയാവുന്ന ആളാണ്. അവർ ഒപ്പുവെക്കുന്ന റിപ്പോർട്ടിൽ ഇങ്ങനെയൊരു കാര്യമുണ്ടെന്ന് ഒരിക്കലും പ്രതീക്ഷിക്കുന്നില്ല നമ്മൾ. ഈ റിപ്പോർട്ട് ശരിക്ക് പറഞ്ഞാൽ പരിസ്ഥിതിക്ക് എതിരായിട്ടുള്ളതാണ്. യാതൊരു സംശയവുമില്ല.

**■ സുനിതാ നാരായണൻെറ പരിസ്ഥിതി വിഷയങ്ങളിലുള്ള സത്യസന്ധത പോലും ചോദ്യം ചെയ്യപ്പെടുന്നു എന്നാണോ?**

എന്ന് ഞാൻ പറയുന്നില്ല. ഞാൻ മനസ്സിലാക്കുന്നത് പ്ലാനിങ് കമ്മീഷന് കസ്തൂരിരംഗൻ കമ്മിറ്റിക്ക് മുകളിൽ ഒരു സമ്മർദമുണ്ടായിരുന്നുവെന്നാണ്. അത് കസ്തൂരിരംഗനിലൂടെ കമ്മിറ്റിക്കകത്ത് വന്നിട്ടുണ്ട്. അത്രേയുള്ളൂ. സുനിതാ നാരായൻ കമ്മിറ്റിക്കകത്ത് ഒരുപാട് വിമർശിച്ചിട്ടുണ്ടാവും ചർച്ച ചെയ്തിട്ടുണ്ടാവും. ഒരുപക്ഷേ, ഭൂരിപക്ഷം സമ്മതിച്ചിട്ടുണ്ടാവില്ല. ഭൂരിപക്ഷം മുഴുവൻ ഗവൺമെൻറിൻെറ ആൾക്കാരാണ്. അപ്പോൾ പിന്നെ അങ്ങനെയല്ലേ വരികയുള്ളൂ.


**■ ഗാഡ്ഗിൽ കമ്മിറ്റിയംഗങ്ങളുമായി ചർച്ച ചെയ്തില്ലെന്ന് പറഞ്ഞു. അങ്ങനെ ചർച്ചചെയ്തിരുന്നുവെങ്കിൽ ഒരുപക്ഷേ, ഈ റിപ്പോർട്ടിൻെറ അന്തസ്സത്തയിൽ എന്തെങ്കിലും മാറ്റമുണ്ടാകുമായിരുന്നുവോ?**

തീർച്ചയായും യാതൊരു സംശയവുമില്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൻെറ പ്രശ്നങ്ങളായി ഈ റിപ്പോർ ▶

ട്ടിൽ ചില പോയിൻറ്സ് എടുത്ത് കാണിക്കുന്നുണ്ട്. ആ പ്രശ്നങ്ങൾ നമ്മൾക്ക് വിശദമാക്കിക്കൊടുക്കാം. കേരളത്തിൽനിന്ന് കുറെ ആൾക്കാർ കമ്മിറ്റിക്ക് കത്തെഴുതിയിട്ടുണ്ട്. അത് നല്ലൊരു ലോബിയായിരുന്നു. ആ ലോബിയെയും എനിക്കറിയാം. ഞാൻ അവരോട് ഒരുപാട് സംസാരിച്ചു ഇപ്പോൾ. ആ പോയിൻറുകൾ നമുക്ക് കസ്തൂരിരംഗൻ കമ്മിറ്റിക്ക് കൃത്യമായി വിശദീകരിച്ച് കൊടുക്കാൻ കഴിയുമായിരുന്നു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ഭൂമിയുടെ കാര്യം പറഞ്ഞിട്ടുണ്ട്. No Government land shall be converted into private land എന്ന്. അതിനെ ഇവിടത്തെ ഒരുകൂട്ടം ആളുകൾ എടുത്തത് എങ്ങനെയെന്നുവെച്ചാൽ, ഇപ്പോൾ 1977 ജനവരി ഒന്നുവരെ കുടിയേറിപ്പാർത്തവർക്ക് പട്ടയം കൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ, പലർക്കും പട്ടയം ഇതുവരെ കിട്ടിയിട്ടില്ല. പലതും കോടതിയിലൊക്കെയാണ്. ആ തീരുമാനത്തെ ഈ നിർദേശം എതിരായി ബാധിക്കുമെന്നാണ്. അതാണ് അവർ പരാതിയായി എഴുതിയിരിക്കുന്നത്. കസ്തൂരിരംഗൻ അതിനെ അതുപോലെ തന്നെ അംഗീകരിച്ചു. ഇക്കാര്യത്തിൽ ക്രിയാത്മകമായി ചെയ്യേണ്ടിയിരുന്നത് എന്തെന്നുവെച്ചാൽ With effect from the day Gadgil Committee Report is accepted എന്ന് എഴുതിച്ചേർക്കുകയായിരുന്നു. ഞങ്ങളത് വിട്ടുപോയി. അതെഴുതിയാൽ മതിയായിരുന്നു കസ്തൂരിരംഗൻ കമ്മിറ്റിക്ക്. അതാണ് ക്രിയാത്മകമായ ചിന്തയെന്ന് പറയുന്നത്. പക്ഷേ, അത് നേരെ തിരിച്ച് സംഭവിച്ചു. ഇത്തരം കാര്യങ്ങൾ ഒരു സംഭാഷണത്തിലൂടെ പരിഹരിക്കാമായിരുന്നു. 1750 കത്തുകളാണ് കേരളത്തിൽനിന്ന് ഗാഡ്ഗിൽ കമ്മിറ്റിക്ക് എതിരായിട്ട് പോയിരിക്കുന്നത്. അതിലെ പ്രധാന പോയിൻറ്സ് അജൻഡയായി വെച്ച് ഗാഡ്ഗിൽ കമ്മിറ്റിയെ ഒന്നു വിളിച്ച് ചർച്ച ചെയ്യാമായിരുന്നു.


**■ പ്രൊഫ. ഗാഡ്ഗിലടക്കം കമ്മിറ്റിയംഗങ്ങൾ ഇക്കാര്യത്തിൽ കസ്തൂരിരംഗനുമായി സംസാരിക്കണമെന്ന് താത്പര്യവും കാണിച്ചില്ലേ? അങ്ങോട്ട് ഒരു സമീപനം എടുക്കാമായിരുന്നല്ലോ?**

കസ്തൂരിരംഗൻ പുണെയിൽ ചേമ്പർ ഓഫ് കോമേഴ്സിൽ ചർച്ചയ്ക്ക് പോയപ്പോൾ ഗാഡ്ഗിലിനെ വിളിച്ചിരുന്നുവെന്ന് പറഞ്ഞു. അവിടെ പോയി വെറുതെ ചർച്ച ചെയ്തു. പ്രൊഫ. ഗാഡ്ഗിൽ പറഞ്ഞത് അതൊരു ഔദ്യോഗിക കൂടിക്കാഴ്ച ആയിരുന്നില്ലെന്നാണ്. അജൻഡ ഒന്നുമുണ്ടായിരുന്നില്ല. "We had a chat" എന്നാണ് പറഞ്ഞത്. Because they know each other for the last 20 years. പിന്നെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. സുകുമാർ, ഡോ. റെന്നി എന്നിവരുമായി ചർച്ച ചെയ്തുവെന്ന് പറയുന്നു. പക്ഷേ, അതെല്ലാം ഓരോരുത്തരുമായി വെവ്വേറെയായി കണ്ടതാണ്. ഞാൻ അങ്ങോട്ട് ബന്ധപ്പെട്ടതാണ്. എന്നെ വന്ന് കണ്ടതല്ല. ഞാൻ കാണണമെന്ന് പറഞ്ഞപ്പോൾ എറണാകുളത്തുവെച്ച് കാണാമെന്ന് പറഞ്ഞു. അദ്ദേഹം വന്നപ്പോൾ അവിടെ ചെന്ന് സംസാരിച്ചു. ഇത് എൻെറ താത്പര്യത്തിൽ പോയി കണ്ടതാണ്. ഗാഡ്ഗിലിനെ മാത്രം വിളിച്ചാൽ അത് കമ്മിറ്റിയാവില്ല. മുഴുവൻ കമ്മിറ്റിയംഗങ്ങളെയും വിളിച്ച് ചർച്ച നടത്തിയിരുന്നുവെങ്കിൽ Things would have been much better. പിന്നെ സയൻറിഫിക്ക് എത്തിക്സ് എന്നൊരു സംഗതിയുണ്ട്. അതുവെച്ച് നോക്കിയാലും ഒരു ചർച്ച ആവശ്യമുണ്ട്. അപ്പോൾ പറയാമല്ലോ ഇന്ന ഇന്ന പോയിൻറ്സ് നടപ്പാക്കാൻ പ്രയാസമാണ്. ഇങ്ങനെ ആക്കികൂടെയെന്ന് ചോദിക്കാമല്ലോ. അങ്ങനെയെങ്കിൽ റിപ്പോർട്ട് ഏകകണ്ഠമായി വന്നേനെ. അങ്ങനെയാണ് വരേണ്ടിയിരുന്നത്. ഞാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് ഒരു കത്തെഴുതി. ഈ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് മുൻപ് You call



ഫോട്ടോ: പി. ജയേഷ്

പശ്ചിമഘട്ട മലനിരകൾ



a meeting and asked them to bring out an unanimous report എന്ന് ആവശ്യപ്പെട്ടു. അതായിരിക്കും കൂടുതൽ ഫലപ്രദമാവുക. അല്ലെങ്കിൽ വിവാദം തുടരും തീരുമാനം എടുക്കാൻ വൈകും. തീരുമാനം വേഗം എടുത്തിട്ട് കാര്യങ്ങൾ ചെയ്യുകയാണ് വേണ്ടത്. വിവാദം തുടർന്നിട്ട് ആർക്കും ഒന്നും നേടാനില്ല.

**■ ആ കത്തിന് മറുപടി ഉണ്ടായില്ലേ?**

ഇല്ല. മറുപടിയുണ്ടായില്ല. കമ്മിറ്റി യോഗം വിളിച്ചില്ല. പക്ഷേ കേന്ദ്ര മന്ത്രാലയത്തിന് ആവശ്യപ്പെടാമായിരുന്നു.

**■ ജയറാം രമേശ് ആയിരുന്നു ചുമതലയുള്ള മന്ത്രിയെങ്കിൽ കാര്യങ്ങൾ വ്യത്യസ്തമാകുമായിരുന്നുവോ?**

തീർച്ചയായും. A minute delayed in submitting the report would cause disappearence of our species. Therefore submit the report at the earliest എന്നാണ് അദ്ദേഹം ഗാഡ്ഗിൽ കമ്മിറ്റിക്ക് എഴുതിയത്. പക്ഷേ, കമ്മിറ്റിയിൽ എല്ലാവരും ശാസ്ത്രജ്ഞർ ആയതിനാൽ ഒരു പാട് കാര്യങ്ങൾ പരിശോധിച്ച് പെർഫെക്ഷൻ ഒക്കെ നോക്കിയപ്പോൾ കുറച്ച് താമസിച്ചുപോയി. അതാണ് പറ്റിയത്. അദ്ദേഹം ചുമതലയിലുള്ളപ്പോൾ കൊടുത്താൽ മതിയായിരുന്നു.

> **പശ്ചിമഘട്ട മലനിരകളെക്കുറിച്ച് പഠിക്കാനുള്ള യോഗ്യത കസ്തൂരി രംഗനില്ല. പ്രൊഫ. ഗാഡ്ഗിലിനോട് സ്പേസ് റിസർച്ചിൻെറ എന്തെങ്കിലും കാര്യം വിലയിരുത്താൻ പറഞ്ഞാൽ അദ്ദേഹമത് ആദ്യമേ തന്നെ സ്വീകരിക്കില്ല.**

**■ ഏകകണ്ഠമായി ഈ കമ്മിറ്റി റിപ്പോർട്ട് കൊണ്ടുവരാമായിരുന്നുവെന്ന് താങ്കൾ പറഞ്ഞു. അങ്ങനെ വേണ്ടെന്ന് ആർക്കെങ്കിലും എവിടെ നിന്നെങ്കിലും എന്തെങ്കിലും ആലോചന ഉണ്ടായിരുന്നുവെന്നാണോ പറയുന്നത്?**

എന്ന് ഞാൻ പറയുന്നില്ല. ഒരുപക്ഷേ, അങ്ങനെയൊരു നീക്കമുണ്ടായിരുന്നുവെങ്കിൽ ഈ റിപ്പോർട്ടിൻെറ സ്വഭാവം ആകെ മാറുമായിരുന്നുവെന്നൊരു തോന്നൽ എനിക്കുണ്ടായിരുന്നു. ഇനി റിപ്പോർട്ട് ഇതുപോലെ മതിയെന്ന നിലപാടായിരുന്നോ ഉണ്ടായിരുന്നതെന്നും എനിക്കറിയില്ല. ഗവൺമെൻറ് ഓഫ് ഇന്ത്യയുടെ പൊതുവെയുള്ള തിങ്കിങ്ങിന് അനുകൂലമായിട്ടാണ് ഈ റിപ്പോർട്ട്.

**■ ഇങ്ങനെ ചോദിക്കാൻ കാരണം, ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ പ്രതികൂലമായി ബാധിക്കുക ഗോവയിലെ മൈനിങ്, മഹാരാഷ്ട്രയിലെ വൻകിട വ്യവസായ സ്ഥാപനങ്ങൾ, കേരളത്തിലെ ക്വാറിയിങ് മാഫിയ ഉൾപ്പെടെയുള്ള വിഭാഗത്തെയാണ്. പലരെയും ഈ റിപ്പോർട്ട് അലോസരപ്പെടുത്തിയിരുന്നുവെന്ന് റിപ്പോർട്ടിന് എതിരെ ഉയർന്ന ആരോപണങ്ങളിൽ നിന്ന് തന്നെ മനസ്സിലാക്കാം. ആ പരിതസ്ഥിതിയിൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന് തീർത്തും കടകവിരുദ്ധമായ റിപ്പോർട്ട് കൊണ്ടുവരണമെന്ന് ഏതെങ്കിലും ഭാഗത്ത് നിന്ന് സമ്മർദം ഉണ്ടായിട്ടുണ്ടാകുമോ എന്നാണ് ചോദിച്ചത്?**

അങ്ങനെ സമ്മർദം ഉണ്ടായിരുന്നുവെന്ന് ആരെങ്കിലും സംശയിച്ചാൽ അതിൽ തെറ്റില്ലെന്നാണ് ഞാൻ പറയുന്നത്. ഇങ്ങനത്തെ ലോബിയാണ് പിന്നിലുള്ളതെന്ന് ഞാൻ തന്നെ എഴുതിയിട്ടുണ്ട്. പലയിടത്തും പ്രസംഗിച്ചിട്ടുണ്ട്. ഗാഡ്ഗിൽ കമ്മിറ്റിക്ക് എതിരായ നിലപാട് എടുക്കുന്നവർ മറ്റേ ലോബിയെ പിന്തുണയ്ക്കുകയാണ്. അനധികൃത മൈനിങ്ങും ക്വാറിയിങ്ങും നടത്തുന്നവരെ പിന്തുണയ്ക്കുകയാണ്. ഇത് ഞാൻ മുഖ്യമന്ത്രി അടക്കം എല്ലാവർക്കും എഴുതിയിരുന്നു. പക്ഷേ എന്നിട്ടും ആ രീതിയിൽ തന്നെ വന്നു. അപ്പോൾ അതിന് പിന്നിലെ ശക്തി ജനങ്ങളല്ല, ചെറിയ ഒരു ഗ്രൂപ്പാണെന്നാണ് മനസ്സിലാക്കേണ്ടത്. ▶

**■ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൻെറ അന്തസ്സത്തയ്ക്ക് വിരുദ്ധമാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടെന്ന് പറയുന്നു. എങ്കിൽ അതിൻെറ നിഗമനങ്ങളിലെ- കണ്ടെത്തലുകളിലെ പിഴവുകൾ എന്തെല്ലാമാണ്?**

ഒന്ന്, അതിൽ ഡെമോക്രസിയില്ല എന്നതുതന്നെയാണ്. അവർ തീരുമാനം എടുത്തു. അത് നിങ്ങൾ നടപ്പാക്കിയാൽ മതിയെന്നാണ് കൃത്യമായും പറഞ്ഞിരിക്കുന്നത്. നമ്മളെ സംബന്ധിച്ച് ഇതംഗീകരിക്കാൻ പറ്റില്ല. ഗാഡ്ഗിൽ കമ്മിറ്റി മൂന്ന് സോണായൊക്കെ തിരിച്ചിരുന്നു. ശാസ്ത്രീയമായും അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ചിട്ടുള്ളതും സ്വീകരിച്ചിട്ടുള്ളതുമായ മെത്തഡോളജി ഉപയോഗിച്ചാണ് ഇത് ചെയ്തത്. അത് ആകെയങ്ങ് അവർ മാറ്റി. ജൈവവൈവിധ്യം, പാരിസ്ഥിതിക പ്രാധാന്യം എന്നിവ കണക്കിലെടുത്താണ് മൂന്ന് സോണായി പശ്ചിമഘട്ടത്തെ തിരിച്ചിരിക്കുന്നത്. ഇത് ആർക്കു വേണമെങ്കിലും ചോദ്യം ചെയ്യാം. ഇതിൻെറ പേപ്പർ 'കറൻറ് സയൻസ്' എന്ന് പറയുന്ന ജേണലിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിന് ഒരുപാട് കമൻറ്സ് കിട്ടി. അത് കൂടി പരിഗണിച്ചാണ് പഠനം നടത്തിയത്. ഗ്രിഡും സോണുമൊക്കെ തിരിച്ചത് അങ്ങനെയാണ്. റിപ്പോർട്ടിൽ ഒരുപാട് സുതാര്യത ഉണ്ടായിരുന്നു. പലരുടെയും അഭിപ്രായം കേട്ടിരുന്നു. മറിച്ച് കസ്തൂരിരംഗൻ കമ്മിറ്റി നേരെയങ്ങ് തീരുമാനിച്ചു.


**■ അപ്പോൾ ഇതെല്ലാം അന്തിമ ശുപാർശകളാണോ?**

അവർ പറഞ്ഞിട്ടുണ്ടല്ലോ Government should immediately declare this area as cultural and natural landscape എന്ന്. നാച്വറൽ ലാൻഡ്സ്കേപ്പ് എന്നതിലാണ് വനവും ജൈവവൈവിധ്യവും ഉൾപ്പെടുന്നത്. കൾച്ചറൽ ലാൻഡ്സ്കേപ്പ് എന്ന് പറയുന്നത് ജനങ്ങൾ താമസിക്കുന്ന ഇടങ്ങളാണ്. അവ പ്രഖ്യാപിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാതെ അത് സംബന്ധിച്ച് ജനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് ചർച്ച ചെയ്തിട്ട് വേണമെന്നല്ല പറഞ്ഞിരിക്കുന്നത്. ഗാഡ്ഗിൽ കമ്മിറ്റി മൂന്ന് സോണായി പറഞ്ഞിട്ടുള്ളത് സൂചകങ്ങൾ മാത്രമാണ്. അവസാന തീരുമാനം പഞ്ചായത്ത് ഗ്രാമസഭ തലത്തിൽ എടുക്കണമെന്ന് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ജനാധിപത്യപരമായ നിർദേശമാണത്. എന്നാൽ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ അതില്ല. ടിപ്പിക്കൽ സർക്കാർ നടപടിയാണ്. അങ്ങനെ ചെയ്താൽ മതിയെന്നാണ് പറയുന്നത്. അങ്ങനെ പറയണമെങ്കിൽ ആ റിപ്പോർട്ട് പഴുതുകൾ അടച്ചുള്ളതായിരിക്കണം. പരിസ്ഥിതി ഘടകങ്ങ

**ഗാഡ്ഗിൽ കമ്മിറ്റി പശ്ചിമഘട്ടത്തെ ഒരു വലിയ വാട്ടർ ടാങ്കായാണ് കണക്കാക്കിയിരിക്കുന്നത്. അത് സംരക്ഷിക്കേണ്ടത് പശ്ചിമഘട്ടം ഉൾപ്പെടുന്ന ആറ് സംസ്ഥാനങ്ങളിലെ 28 കോടി ജനങ്ങളുടെ ആവശ്യമാണ്. ആ ഒരു ലക്ഷ്യം കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് കൊണ്ട് സാധ്യമാകില്ല.**

ളും കൺസർവേഷൻ ഫീൽഡിലെ പ്രശ്നങ്ങളും മനസ്സിലാക്കാതെയാണ് പശ്ചിമഘട്ടത്തെ രണ്ടായി തിരിക്കുമെന്ന് പറഞ്ഞിട്ടുള്ളത്. ഈ റിപ്പോർട്ടിൽ നാച്വറൽ ലാൻഡ്സ്കേപ്പ് എന്ന് പറയുന്നത് 37 ശതമാനമാണ്. അതിനെയാണ് ഇക്കോളജിക്കൽ സെൻസിറ്റീവ് ഏരിയ ആയി സംരക്ഷിക്കാൻ പറയുന്നത്. ബാക്കിയുള്ളതാണ് കൾച്ചറൽ ലാൻഡ് സ്കേപ്പ്. മൊത്തം നാച്വറൽ ഏരിയായുടെ 90 ശതമാനമാണ് ഇ.എസ്.ഐ. ആയി പ്രഖ്യാപിക്കാൻ പറഞ്ഞിരിക്കുന്നത്. കൾച്ചറൽ ഏരിയ വേറെയാണ്. കാടും മറ്റുമുള്ള സ്ഥലത്ത് ജനവാസം അത്രയുണ്ടാവില്ല. പക്ഷേ, പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടുതലുള്ളത് ഇതിന് വെളിയിലാണ്. അതായത് റിപ്പോർട്ടിൽ പറയുന്ന കൾച്ചറൽ ഏരിയായിൽ. കാടിനുള്ളിൽ വനം വകുപ്പുണ്ടല്ലോ നോക്കാൻ. വെസ്റ്റേൺഘാട്ട് എന്നത് മൊത്തം 1,64,280 ഹെക്ടറായാണ് കമ്മിറ്റി നിർവചിച്ചിരിക്കുന്നത്. അതിൽ 60,000 സ്ക്വയർ കിലോലോമീറ്ററാണ് ഈ നാച്വറൽ ഏരിയായി വരുന്നത്. ബാക്കിയുള്ളതെല്ലാം ഇതിന് പുറത്താണ്. ബഹുഭൂരിപക്ഷം ഏരിയയും പുറത്ത് തന്നെയാണ്. ആ ഏരിയയിൽ ഒരു നിയന്ത്രണവുമില്ല. അവിടെ എന്ത് വേണമെങ്കിലും ചെയ്യാം. ഈ നാച്വറൽ ഏരിയ എന്ന് പറയുന്ന സ്ഥലത്താണ് വനങ്ങളും ദേശീയപാർക്കും വന്യജീവിസങ്കേതങ്ങളും (അഭയാരണ്യങ്ങൾ) ലോക പൈതൃക മേഖലയും ഉള്ളത്.

ഇവിടെ നിലവിലുള്ള നിയമം വെച്ചുതന്നെ മൈനിങ്ങും കാര്യങ്ങളും ചെയ്യാൻ പാടില്ല. കസ്തൂരിരംഗൻ പ



മാധവ് ഗാഡ്ഗിൽ

ഫോട്ടോ: ബിജു വർഗീസ്

റയുന്ന ശക്തമായ ഒരു ശുപാർശ no mining, quarrying and sand mining in natural area എന്നതാണ്. ഇപ്പോഴത്തെ നിയമം അനുസരിച്ച് തന്നെ സാങ്ച്വറിക്കകത്ത് ഉൾപ്പെടെ മൈനിങ് നടത്താൻ പറ്റില്ലല്ലോ. നാച്വറൽ ഏരിയായുടെ പുറത്ത് ഫലത്തിൽ യാതൊരു തരത്തിലുള്ള നിയന്ത്രണങ്ങളുമില്ല. അതാണ് റിപ്പോർട്ടിലെ ഏറ്റവും വലിയ പിഴവ്. ഇപ്പോൾ പശ്ചിമഘട്ട മേഖലയിൽ ഒരുപാട് സ്ഥലത്ത് മണൽ ഖനനവും ക്വാറിയിങ്ങുമുണ്ട്. കേരളത്തിൽ ക്വാറിയിങ്ങാണ് കൂടുതൽ നടക്കുന്നത്. അതിനെയൊന്നും നിയന്ത്രിക്കാൻ പറ്റില്ല. അത്തരം പ്രവൃത്തികൾക്ക് നിയമസാധുത കൊടുക്കുകയും ചെയ്യു.

**■ കൾച്ചറൽ- നാച്വറൽ ലാൻഡ്സ്കേപ്പായി തിരിച്ചത് തന്നെ അശാസ്ത്രീയമാണെന്നാണോ പറയുന്നത്?**


പൂർണമായും അശാസ്ത്രീയമാണ്. സുസ്ഥിര വികസനത്തിൻെറ പശ്ചാത്തലത്തിൽ അത് അശാസ്ത്രീയം തന്നെയാണ്.

**■ പിന്നെ എങ്ങനെ ആയിരുന്നു അത് ചെയ്യേണ്ടിയിരുന്നത്?**

പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടുതൽ ഉണ്ടാകുന്നത് ഈ പറയുന്ന കൾച്ചറൽ ഏരിയയിലാണ്. നിയന്ത്രണങ്ങൾ ഇതിനകത്ത് കൂടി കൊണ്ടുവരണം. എവിടെയൊക്കെയാണോ പാരിസ്ഥിതിക, ജൈവവൈവിധ്യ പ്രാധാന്യമുള്ളത് അതിനെയാണ് സംരക്ഷിക്കേണ്ടത്. ഉദാഹരണത്തിന് നദികളുടെ ഉത്പത്തി പ്രദേശം സോൺ ഒന്നിൽ ഗാഡ്ഗിൽ കമ്മിറ്റി ഉൾപ്പെടുത്തിയതിനെ ആരും എതിർക്കില്ല. അങ്ങനെയൊരു മാനദണ്ഡം അല്ല ഇവർ എടുത്തിരിക്കുന്നത്.

**■ ഗാഡ്ഗിൽ കമ്മിറ്റി പരിസ്ഥിതി സംവേദക പ്രദേശം ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ സോണായി തിരിച്ചിരുന്നു. അത്തരമൊരു തരംതിരിവ് കസ്തൂരിരംഗൻ റിപ്പോർട്ടിലുണ്ടോ?**

ഇല്ല. കൾച്ചറൽ, നാച്വറൽ ഏരിയാ എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടേയുള്ളൂ.



ഫോട്ടോ ജി. ബിനുലാൽ

കസ്തൂരി രംഗൻ

**■ ഈ സോണുകളിൽ എന്തെല്ലാം നിയന്ത്രിക്കണം, ചെയ്യാൻ പാടില്ലെന്ന് ഗാഡ്ഗിൽ കമ്മിറ്റി നിർദേശിച്ചത് ഫലത്തിൽ ഇല്ലാതായി?**

അതെ, ഇല്ലാതായി.

**■ എന്നു പറഞ്ഞാൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് അപ്രസക്തമായി?**

അപ്രസക്തമായി. അല്ലെങ്കിൽ അവർക്ക് താഴെ കൊടുത്തിരിക്കുന്ന ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ സ്വീകരിക്കണം, മറ്റുള്ളവയ്ക്ക് ഇന്ന മാറ്റങ്ങൾ വരുത്തി സ്വീകരിക്കണമെന്ന് പറഞ്ഞാൽ മതിയായിരുന്നു. അതൊന്നും പറഞ്ഞിട്ടില്ലെന്ന് മാത്രമല്ല കടകവിരുദ്ധമായ ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഇക്കോളജിയെയും ജനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ഒരുപാട് പ്രശ്നങ്ങൾ റിപ്പോർട്ടിൽ ശുപാർശയായി കൊടുത്തിട്ടുണ്ട്.

**■ കസ്തൂരിരംഗൻ കമ്മിറ്റി 58.44 ശതമാനം കൃഷിഭൂമിയായി കണ്ടെത്തുന്നുണ്ട്. ജനങ്ങൾ കൃഷി ചെയ്യുകയും അവരുടെ ഉപജീവന മാർഗങ്ങൾ തേടുകയും ചെയ്യുന്ന ഒരു പ്രദേശമാണിത്. ഇത് കണ്ടെത്തുന്നതിൽ എന്താണ് പ്രശ്നം? കൃഷി ചെയ്യാൻ പോലും സമ്മതിക്കാത്ത തരത്തിലുള്ള നിയന്ത്രണങ്ങൾ വരുന്നുവെന്നതായിരുന്നു ഗാഡ്ഗിൽ കമ്മിറ്റിക്ക് എതിരായി ഉയർന്ന പ്രധാന വിമർശവും?**

ഗാഡ്ഗിൽ കമ്മിറ്റിക്ക് എതിരായ വിമർശം ശരിയാണോ അല്ലയോ എന്ന് കസ്തൂരിരംഗൻ കമ്മിറ്റി പരിശോധിക്കേണ്ടിയിരുന്നു. അത് പരിശോധിച്ചിട്ടില്ല. കർഷകർക്ക് എതിരായി ഒരു വാചകം റിപ്പോർട്ടിലുണ്ടെങ്കിൽ എടുത്ത് കാണിക്കാനാണ് ഞാൻ എപ്പോഴും ആവശ്യപ്പെടുന്നത്. അതെങ്കിലും ഒന്ന് പരിശോധിക്കേണ്ടിയിരുന്നു. ഇവിടെ നിന്ന് ഒരുപാട് പരാതി പോയതാണ്. അത് ശരിയാണോന്ന് പരിശോധിക്കേണ്ട ധാർമികവും ശാസ്ത്രീയവുമായ ചുമതല കസ്തൂരിരംഗൻ കമ്മിറ്റിക്ക് ഉണ്ടായിരുന്നു. അങ്ങനെയൊരു സംഗതിയുണ്ടായില്ല. ഗാഡ്ഗിൽ കമ്മിറ്റി പാവപ്പെട്ട കർഷകർക്കാണ് പ്രാധാന്യം കൊടുത്തത്. പാവപ്പെട്ട കർഷകരിൽ എസ്റ്റേറ്റ് ഉടമകളൊന്നും വരുന്നില്ല. എന്നുവെച്ച് കാർഡമമോ ടീയോ കോഫിയോ ഒന്നും വേണ്ടെന്ന് നമ്മൾ പറഞ്ഞിട്ടില്ല. നമ്മൾ ആകെ പറഞ്ഞിരിക്കുന്നത് കൃഷി മൊത്തത്തിൽ ഓർഗാനിക്ക് ആക്കണമെന്നാണ്. ജൈവകൃഷി ആയിരിക്കണം. അതുടനെ വേണമെന്ന് പറഞ്ഞിട്ടില്ല, കാലക്രമേണ വേണമെന്നാണ് പറഞ്ഞിരിക്കുന്നത്. സോൺ ഒന്നിൽ അഞ്ച് വർഷവും സോൺ രണ്ടിൽ എട്ട് വർഷവും സോൺ മൂന്നിൽ 10 വർഷവും കൊണ്ട് ആക്കണമെന്നാണ് പറ ▶

ഞ്ഞിരിക്കുന്നത്. എന്നാൽ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിനകത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കണമെന്ന ഒരു വാചകമാണുള്ളത്. എത്ര സമയം കൊണ്ട് മാറണമെന്ന് പറഞ്ഞിട്ടില്ല. അതിന്റെ അർഥം pesticide lobby will be very happy now എന്നാണ്. ഫെർട്ടിലൈസർ ലോബിയും പെസ്റ്റിസൈഡ് ലോബിയും വളരെ സന്തോഷിക്കും. കാരണം നിബന്ധനകളില്ല, സമയ പരിധി കൊടുത്തിട്ടില്ലല്ലോ. അതോടെ നടത്തിയത് ഒരൊഴുക്കൻ പ്രസ്താവനയായി മാറി. ജൈവകൃഷി കൊണ്ടുവരണമെന്ന നിശ്ചയദാർഢ്യത്തോടെയുള്ള ഒരു ശുപാർശ ഈ റിപ്പോർട്ടിലില്ല.

**■ ഗാഡ്ഗിൽ കമ്മിറ്റി സോണുകൾ തീരുമാനിച്ചത് 9 കി.മീറ്റർ നീളവും 9 കി. മീറ്റർ വീതിയുമുള്ള 8100 ഹെക്ടറായി തിരിച്ചായിരുന്നു. കസ്തൂരിരംഗൻ കമ്മിറ്റി വേറൊരു സമീപനമാണ് എടുക്കുന്നത്. പശ്ചിമഘട്ടത്തെ അടിസ്ഥാനപരമായി വിലയിരുത്തുന്നതുപോലും വ്യത്യസ്തമാണ്. ഈ ഒരു വ്യത്യസ്തത എന്തുകൊണ്ടാണ് വരുന്നത്?**

9 സ്ക്വയർ കിലോമീറ്ററാണ് ഗാഡ്ഗിൽ കമ്മിറ്റിയുടെ ഒരു ഗ്രിഡ്. ആകെ 2,200 ഗ്രിഡാണുള്ളത്. കസ്തൂരിരംഗൻ കമ്മിറ്റി 24 മീറ്റർ റെസല്യൂഷനിലാണ് ചെയ്തിരിക്കുന്നത്. എന്നിട്ട് നാച്വറൽ, കൾച്ചറൽ ലാൻഡ്സ്കേപ്പായി തരംതിരിച്ചു എന്നേയുള്ളൂ. ഞങ്ങൾ ചെയ്ത 9 × 9 എന്ന് പറയുന്നത് റെസല്യൂഷനല്ല. റെസല്യൂഷൻ 30 മീറ്ററാണ്. അവരും നമ്മളും ചെയ്തിരിക്കുന്നതിൽ വലിയ വ്യത്യാസമില്ല. ഗാഡ്ഗിൽ കമ്മിറ്റി ഒൻപത് സ്ക്വയർ കിലോമീറ്ററിൽ ആ വിവരം കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് അതിനകത്ത് വ്യത്യാസമുണ്ടെന്ന് പറയാൻ പറ്റില്ല. വ്യത്യാസമെന്തെന്ന് പറഞ്ഞാൽ കസ്തൂരിരംഗൻ കമ്മിറ്റിയിൽ വെജിറ്റേഷൻ മാത്രമേയുള്ളൂ– കാടുകളും കൃഷിഭൂമിയും. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ വെജിറ്റേഷൻ ഒരു ഘടകം. പിന്നെ മൃഗങ്ങളുടെ, പക്ഷികളുടെ, പൂമ്പാറ്റകളുടെ, ഉരഗങ്ങളുടെ, ഉഭയജീവികളുടെ തരംതിരിവുണ്ട്. ഇതെല്ലാം കണക്കിലെടുത്താണ് സോൺ ഒന്ന്, രണ്ട്, മൂന്ന് എന്ന് സ്കോർ കൊടുത്തത്. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ മൃഗങ്ങളുടെ ഭാഗമേയില്ല. ആകെ കൊടുത്തിരിക്കുന്നത് ആനത്താരയും കടുവയുള്ള പ്രദേശവുമാണ്. അത് വലിയൊരു തെറ്റാണ്. ഒരു ചർച്ച മാത്രം നടത്തിയിരുന്നുവെങ്കിൽ ഇത് സംഭവിക്കില്ലായിരുന്നു. അടിസ്ഥാനപരമായ സമീപനം ശരിയായിട്ടില്ലെന്ന് മാത്രമല്ല തെറ്റുമാണ്. ഇതംഗീകരിക്കാൻ പറ്റില്ല.

**■ ഈ റിപ്പോർട്ടിന്റെ മറ്റ് പ്രധാന ന്യൂനതകളായി കണ്ടെത്തുന്നത് എന്താണ്?**



സുനിത നാരായൻ

ഗാഡ്ഗിൽ കമ്മിറ്റി പശ്ചിമഘട്ടത്തെ ഒരു വലിയ വാട്ടർ ടാങ്കായാണ് കണക്കാക്കിയിരിക്കുന്നത്. അത് സംരക്ഷിക്കേണ്ടത് പശ്ചിമഘട്ടം ഉൾപ്പെടുന്ന ആറ് സംസ്ഥാനങ്ങളിലെ 28 കോടി ജനങ്ങളുടെ ആവശ്യമാണ്. ആ ഒരു ലക്ഷ്യം കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് കൊണ്ട് സാധ്യമാകില്ല. പുഴകളിൽ വെള്ളം ഒഴുകണ്ടേ? അതിന് വേണ്ടിയുള്ള ശുപാർശകളാണ് നമ്മൾ നൽകിയത്. എന്നാൽ കസ്തൂരിരംഗൻ കമ്മിറ്റി നോക്കിയിരിക്കുന്നത് എത്ര പ്രദേശത്തെ നിയന്ത്രണങ്ങളിൽ നിന്ന് വിട്ട് പുറത്ത് കൊണ്ടുവരാമെന്നാണ്. അത് സാധിച്ചു.

**ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല സുനിതാ നാരായൻ ഉള്ള കമ്മിറ്റി ഇങ്ങനെയൊരു റിപ്പോർട്ട് കൊണ്ടുവരുമെന്ന്. ഈ റിപ്പോർട്ട് ശരിക്ക് പറഞ്ഞാൽ പരിസ്ഥിതിക്ക് എതിരായിട്ടുള്ളതാണ്. യാതൊരു സംശയുവുമില്ല.**

**■ ജി.എം. വിള നിരോധനത്തെക്കുറിച്ചും രാസവളങ്ങൾ, കീടനാശിനി തുടങ്ങിയവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനെയും ഘട്ടംഘട്ടമായി അവസാനിപ്പിക്കുന്നതിനെയും കുറിച്ചും ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾ നൽകിയിരുന്നു. കസ്തൂരിരംഗൻ കമ്മിറ്റി ഇവയോട് എടുത്ത നിലപാട് എന്താണ്?**

ജി.എം. വിളയെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ജി.എം വിള പശ്ചിമഘട്ടത്തിൽ എന്നല്ല കേരളത്തിൽ പാടില്ലെന്നത്, കേരളസർക്കാരിന്റെ ഒരു നയമാണ്. എം.എസ്. സ്വാമിനാഥനും പശ്ചിമഘട്ടത്തിൽ ഒരിടത്തും ഇത് പാടില്ലെന്ന് നിർദേശിച്ചിട്ടുണ്ട്. അപ്പോൾ അതിനെക്കുറിച്ച് ഒന്നും പറയാതിരുന്നത് മനഃപൂർവമാണെന്നാണ് ഞാൻ പറയുക. കാരണം കേന്ദ്ര സർക്കാരിന്റെ നയമാണ് ജി.എം വിളകൾ വേണമെന്നത്. അവർ അതിന് ഒരു ബില്ല് പാർലമെൻറിൽ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളെപ്പോലെയുള്ള ചില ആളുകൾ അതിനെ എതിർത്തുകൊണ്ടിരിക്കുകയാണ്. മൻമോഹൻ സിങ് തന്നെ പറഞ്ഞിട്ടുണ്ടല്ലോ ഇന്ത്യയിലെ പട്ടിണി ഇല്ലാതാക്കണമെങ്കിൽ ജി.എം വിളകൾ കൊണ്ടുവരണമെന്ന്. ആ നയം ഈ റിപ്പോർട്ടിനകത്തുണ്ട്. അത് വേണമെന്ന് പറഞ്ഞിട്ടുണ്ടാകാം. സുനിതാ നാരായനെപ്പോലെ ഒരാൾ എതിർത്തിട്ടുണ്ടാകാം. അപ്പോൾ അതിനെക്കുറിച്ച് ഒന്നും എഴുതേണ്ടെന്ന് തീരുമാനിച്ചു. കേരളം, കർണാടക, പിന്നെ ഒരു സംസ്ഥാനവും കൂടി ജി.എം വിളകളെ എതിർത്ത് കമ്മിറ്റിക്ക് എഴുതിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഫുൾറിപ്പോർട്ടിലോ ശുപാർശകളിലോ അത് വന്നിട്ടില്ല. അപ്പൻഡിക്സിലുണ്ട്. പിന്നെ കീടനാശിനിയുടെ കാര്യം. അത് സംബന്ധിച്ച് farmers should be encouraged to avoid pesticide എന്ന് പറഞ്ഞിട്ടുണ്ട്. കീടനാശിനിയുടെ ഉപയോഗം ഇല്ലാതാക്കി ജൈവകൃഷിയിലേക്ക് പോകണം എന്ന് എഴുതിയിട്ടുണ്ട്. അതിൽ കുടുതലൊന്നുമില്ല. ഇതൊക്കെ എല്ലാവരും പറയുന്ന ഒരു കാര്യമാണ്. നമുക്ക് വേണ്ടത് ഒരു action programme ആണ്. എത്ര വർഷം കൊണ്ട് നമുക്കീ വിഷം കൃഷിഭൂമിയിൽ നിന്ന് മാറ്റാൻ കഴിയുമെന്നുള്ളതാണ്. അതിനെ ഏറ്റവും വലിയൊരു സംഗതിയായാണ് ഞാൻ നോക്കിക്കാണുന്നത്. അതായത് അമ്മയുടെ മുലപ്പാലിൽ മാത്രമല്ല വിഷം ചെല്ലുന്നത്. കുഞ്ഞ് വയറ്റിൽ കിടക്കുമ്പോൾ പ്ലാസൻറയിൽ വരെ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ഇതിലും വലിയൊരു മഹാപാതകം ചെയ്യാനില്ല. കസ്തൂരിരംഗൻ കമ്മിറ്റി പറഞ്ഞിരിക്കുന്നത് ജൈവകൃഷിയിലേക്ക് പോകാം, എന്നിട്ടത് അന്താരാഷ്ട്ര നിലവാരത്തിലേക്ക് കൊണ്ടുവരണം, അന്താരാഷ്ട്ര വിപണി കിട്ടാനായി സർട്ടിഫിക്കേഷൻ സംവിധാനം കൊണ്ടുവരണമെന്നാണ്. മൊത്തം സമീപനം നേരത്തെ പറഞ്ഞ അലുവാലിയ അപ്രോച്ചാണ്. കേരളത്തിൽ ജൈവകൃഷി സംബന്ധിച്ച് ഒരു നയം നാം ഉണ്ടാക്കിയിട്ടുണ്ട്. അതിൽ വ്യക്തമായി പറഞ്ഞിരിക്കുന്നത് അന്താരാഷ്ട്ര നിലവാരമല്ല, ഇവിടത്തെ ഒരു നിലവാരം തീരുമാനിക്കണമെന്നാണ്. അത് തീരുമാനിക്കേണ്ടത് കർഷ

കരാണ്. എന്നിട്ട് ഇങ്ങനെ ഉത്പാദിപ്പിക്കുന്നവ ആദ്യം കൊടുക്കേണ്ടത് സ്കൂളിലെ കുട്ടികൾക്കാണ്. പിന്നെ ഇവിടത്തെ ആൾക്കാർക്ക്. എന്നിട്ട് ബാക്കിയുണ്ടെങ്കിൽ കയറ്റുമതി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കണം. കസ്തൂരിരംഗൻ നേരെമറിച്ച് കയറ്റുമതിയെക്കുറിച്ചാണ് ആദ്യമേ പറയുന്നത്. മൻമോഹൻ ലൈൻ ഓഫ് തിങ്കിങ്ങിൽ ഇതെല്ലാം വന്നുപോയി. നിർഭാഗ്യവശാൽ സുനിതാ നാരായൻ ഈ കമ്മിറ്റിക്ക് അകത്തുണ്ടായിരുന്നു. അവർ വാദിച്ചിട്ടുണ്ടാവും. പക്ഷേ, ഭൂരിപക്ഷം മറ്റേതിനെയായിരിക്കും പിന്തുണച്ചത്. മനുഷ്യന് പ്രാധാന്യം കൊടുത്തിട്ടില്ല, ബിസിനസ്സിനാണ് പ്രധാന്യം കൊടുത്തിരിക്കുന്നത്.

**■ രാസവളങ്ങളുടെ കാര്യമോ?**

അതിനെക്കുറിച്ച് ഒന്നും എടുത്ത് പറഞ്ഞിട്ടില്ല.

**■ ഫുഡ് പ്രോസസിങ് യൂണിറ്റുകളുടെ കാര്യത്തിൽ ഗാഡ്ഗിൽ കമ്മിറ്റി നിയന്ത്രണം നിർദേശിക്കുന്നുണ്ട്. പക്ഷേ, കസ്തൂരിരംഗൻ കമ്മിറ്റി അത് പറയുന്നില്ലെന്നാണ് കാണുന്നത്?**

ചുവപ്പ്, ഓറഞ്ച് കാറ്റഗറിയിലുള്ള വ്യവസായങ്ങൾ സോൺ ഒന്നിൽ പാടില്ലെന്നാണ് നമ്മൾ പറഞ്ഞിരിക്കുന്നത്. സോൺ ഒന്ന് ഏറ്റവും പ്രധാന്യമുള്ള പ്രദേശമാണ്, പുഴകളുടെ ഒക്കെ ഉത്പത്തി പ്രദേശമാണ്, അവിടെ അത് ചെയ്യാൻ പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. സോൺ രണ്ടിൽ കുറച്ച് നിയന്ത്രണങ്ങളുണ്ട്, സോൺ മൂന്നിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയന്ത്രണത്തോടെ ആകാം. മുഴുവൻ നിരോധനം നമ്മൾ പറഞ്ഞിട്ടില്ല.

**■ അതുപോലെ 'നോ ഗോ ഏരിയാസി'നെക്കുറിച്ച് ഗാഡ്ഗിൽ കമ്മിറ്റി പറഞ്ഞിരുന്നു. അത്തരം പ്രദേശങ്ങളെക്കുറിച്ച് ഇതിൽ പറയുന്നുണ്ടോ?**

ഇതിൽ നോ ഗോ ഏരിയാസില്ല. മാത്രമല്ല കാടിനെ മറ്റാവശ്യങ്ങൾക്കുവേണ്ടി മാറ്റാമെന്നുവരെ പറഞ്ഞിട്ടുണ്ട്. കസ്തൂരിരംഗൻ കമ്മിറ്റി പറയുന്ന കൾച്ചറൽ ലാൻഡ് സ്കേപ്പിലെ കാടിനെ മറ്റാവശ്യങ്ങൾക്ക് വേണ്ടി മാറ്റാം, പക്ഷേ, additional safeguard measures കൊണ്ടുവരണമെന്നാണ് പറഞ്ഞിട്ടുള്ളത്.

**■ അങ്ങനെ പറഞ്ഞിട്ടുണ്ടോ?**


ഉണ്ട്, ഉണ്ട്, കൃത്യമായിട്ട് പറഞ്ഞിട്ടുണ്ട്. നമ്മൾ കാട് മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ പാടില്ലെന്ന് എഴുതി. അവർ പറഞ്ഞു, ഉപയോഗിക്കാം പക്ഷേ, additional safeguard measures കൂടി വേണമെന്ന്. ഈ safeguard measures ഒക്കെ വെറുതെ പേപ്പറിലുണ്ടാവും. നമുക്കൊക്കെ അറിയാവുന്ന കാര്യമല്ലേ. ചുരുക്കത്തിൽ പറഞ്ഞാൽ പശ്ചിമഘട്ടത്തെ മുഴുവൻ ഇപ്പോൾ കമ്പോളത്തിലേക്ക് തുറന്ന് കൊടുത്തിരിക്കുകയാണ്. ആർക്കുവേണമെങ്കിലും എന്തുവേണമെങ്കിലും ചെയ്യാം.

**■ എന്നു പറഞ്ഞാൽ പശ്ചിമഘട്ടത്തിലേക്ക് കമ്പോളത്തിനും വ്യവസായശാലകൾക്കും കടന്ന് വരാനുള്ള ഒരു പാതയാണ് ഈ ശുപാർശയെന്ന് പറയുന്നത്?**

തുറന്നുകൊടുത്തു. യാതൊരു സംശയവുമില്ല അക്കാര്യത്തിൽ. ഒന്നുമില്ലെങ്കിലും എടുത്ത് പറയാമായിരുന്നു ഷോളാ വനങ്ങളിലോ അതുപോലെ പ്രധാന വനങ്ങളിലോ ഇത് അനുവദിക്കരുതെന്ന് എങ്കിലും. അതും പറഞ്ഞിട്ടില്ലല്ലോ.

**■ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ ഒരുപ്രധാന ശുപാർശയായിരുന്നു വെസ്റ്റേൺഘട്ട് ഇക്കോളജിക്കൽ അതോറിറ്റി, സ്റ്റേറ്റ്, ജില്ലാ അതോറിറ്റികൾ എന്നത്. ഇക്കാര്യത്തിൽ കസ്തൂരിരംഗൻ കമ്മിറ്റി എന്താണ് പറഞ്ഞിരിക്കുന്നത്?**

അവർ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എല്ലാ സംസ്ഥാനങ്ങളും അതോറിറ്റിക്ക് എതിരായ നിലപാടാണ് എടുത്തിരിക്കുന്നതെന്ന് മാത്രമാണ്. അതിന്റെ പ്രധാന കാര ▶



ഫോട്ടോ: എൻ.എ. നസീർ

ണമായി പറഞ്ഞിരിക്കുന്നത് ഇതൊരു ഫെഡറൽ സംവിധാനമാണ്. അതിൽ ഇങ്ങനെ ഒരു സംഗതി വേണ്ട എന്നാണ്. അങ്ങനെയാണെങ്കിൽ കേന്ദ്ര സർക്കാരിൻെറതന്നെ ആവശ്യമില്ലല്ലോ! ഫെഡറൽ സംവിധാനം നിലനിൽക്കണം. പക്ഷേ, എല്ലാത്തിനെയും ഒന്ന് ഏകോപിപ്പിക്കണ്ടേ. പശ്ചിമഘട്ട മലനിര കടന്നു പോകുന്നത് ആറ് സംസ്ഥാനങ്ങളിലൂടെയാണ്. ഈ ആറ് സംസ്ഥാനങ്ങളിലും പലതരത്തിലുള്ള രീതികൾ വന്നു കഴിഞ്ഞാൽ പ്രശ്നമാവും. അതുകൊണ്ട് ഇതിനെ ഏകോപിപ്പിക്കാനായി ഒരു ഏജൻസി വേണം. അത് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൻെറ കീഴിലുള്ളതാണ്. ഒരു അതോറിറ്റി രൂപവത്കരിക്കുക എന്നതിനർഥം കേന്ദ്ര സർക്കാരിന് മുകളിൽ പൂർണമായും സ്വതന്ത്രമായ ഒന്നിനെക്കുറിച്ചല്ല പറയുന്നത്. കേന്ദ്ര സർക്കാരിന് ഈ അതോറിറ്റി ശുപാർശ കൊടുക്കും. അതോറിറ്റിയിൽ കൂടുതൽ ശാസ്ത്രജ്ഞരും ഇക്കോളജിസ്റ്റും ഒക്കെ ഉണ്ടാവും.

**■ അപ്പോൾ അതോറിറ്റി വേണ്ടെന്നാണ് കസ്തൂരിരംഗൻ കമ്മിറ്റി പറയുന്നത്?**

അതേ, അവർ വേണ്ടെന്ന് പറഞ്ഞു. എല്ലാ സംസ്ഥാനങ്ങളും അതിന് എതിരായി നിലപാട് എടുത്തു, ഫെഡറൽ സംവിധാനത്തിന് എതിരാണ് എന്നാണ് കാരണം പറഞ്ഞിരിക്കുന്നത്. കസ്തൂരിരംഗൻ കമ്മിറ്റി പറയുന്നത് നിലവിലുള്ള ഹൈലെവൽ വർക്കിങ് ഗ്രൂപ്പ് ഒന്നുകൂടി ശക്തിപ്പെടുത്തണം. അതിനായി എല്ലാ മുഖ്യമന്ത്രിമാരെയും അതിൽ ഉൾപ്പെടുത്തണം. കസ്തൂരിരംഗൻ കമ്മിറ്റി കൊടുത്ത നിർദേശം നടപ്പാക്കുന്നുണ്ടോ ഇല്ലയോ എന്ന് നിരീക്ഷിക്കേണ്ടത് ഈ കമ്മിറ്റിയാണ്. ഏതെങ്കിലും മുഖ്യമന്ത്രിക്ക് ഇത്തരം യോഗങ്ങൾക്ക് പോകാനുള്ള സമയമുണ്ടോ? തണ്ണീർത്തടങ്ങൾ സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ തലത്തിൽ ഒരു കമ്മിറ്റി രൂപവത്കരിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനതലങ്ങളിലും ഒരു കമ്മിറ്റിയുണ്ട്. കമ്മിറ്റിയുടെ കേന്ദ്രതല ചെയർമാൻ വനം പരിസ്ഥിതി മന്ത്രാലയത്തിലെ സെക്രട്ടറിയാണ്. ഈ കമ്മിറ്റി എന്തൊക്കെ ചെയ്തുവെന്ന് ആരെങ്കിലും ഒന്ന് പരിശോധിച്ച് നോക്ക്. അവർ എന്തെങ്കിലും ചെയ്തിരുന്നുവെങ്കിൽ നമ്മുടെ തണ്ണീർത്തടങ്ങൾ ഇത്ര നശിച്ച് പോകില്ലായിരുന്നല്ലോ. അതിന് ഞാൻ അവരെ കുറ്റം പറയില്ല. അവർക്ക് എവിടെന്നാ സമയം. ഇത്തരത്തിലുള്ള ഒരു സംവിധാനമാണ് കസ്തൂരിരംഗൻ കമ്മിറ്റി കൊണ്ടുവരുന്നത്. ഒന്നും ചെയ്യാൻ പോകുന്നില്ല. ഇവിടെ ഏകോപനമാണ് വേണ്ടത്. വിവിധ സർക്കാർ വകുപ്പുകളുടെയും സംസ്ഥാന സർക്കാറുകളുടെ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കണം. സംസ്ഥാന സർക്കാറുകളും പശ്ചിമഘട്ട അതോറിട്ടിയും കൂടിയാണ് ചെയർമാൻ ആരാണെന്നതടക്കം തീരുമാനിക്കുക. തീർത്തും ജനാധിപത്യപരമായ നടപടിക്രമങ്ങളിലൂടെയാണ് ഇത് നടപ്പാക്കേണ്ടത്. ജില്ലാതല ഇക്കോളജിക്കൽ കമ്മിറ്റി വേണമെന്ന് ഗാഡ്ഗിൽ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. എൻവയോൺമെൻറ് ഓംബുഡ്സ്മാൻ ആയിരിക്കണം അതിൻെറ ചെയർമാൻ. ഈ ജില്ലാതല കമ്മിറ്റിയിലും എല്ലാ വകുപ്പുകളുടെയും ആദിവാസികളുടെയും എൻ.ജി.ഒ. കളുടെയും പ്രതിനിധികൾ വേണമെന്ന് പറഞ്ഞിട്ടുണ്ട്.

**■ അതുപോലെ ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ പഞ്ചായത്തുകൾക്ക് നടപ്പാക്കാനും നടപ്പാക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം റിപ്പോർട്ടിൽ കൊടുത്തിരുന്നു. അത്തരം അടിസ്ഥാന വികേന്ദ്രീകരണ നടപടി പോലും കസ്തൂരിരംഗൻ കമ്മിറ്റി നിരാകരിച്ചുവെന്നാണോ പറയുന്നത്?**

> **ഗാഡ്ഗിൽ റിപ്പോർട്ടിന് എതിരായിട്ട് നിന്നിരുന്നത് ചില ലോബികളാണ്. സർക്കാരും അവരുടെ അതേ വാദങ്ങൾ തന്നെ മുന്നോട്ടുവെച്ചു. ഈ റിപ്പോർട്ട് അതിനെ അനുകൂലിച്ചുകൊണ്ടുള്ളതാണ്. മൈനിങ്, ക്വാറിയിങ് ലോബിക്കാണിതുകൊണ്ട് ഗുണമുണ്ടാകുന്നത്.**

അങ്ങനെയൊന്ന് ഇതിലില്ലല്ലോ. കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്ന കൾച്ചറൽ, നാച്ചുറൽ ലാൻഡ്സ്കേപ്പുകൾ ഉടനെ പ്രഖ്യാപിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. മറ്റ് ചർച്ചകളൊന്നുമില്ല. അത് വെബ്സൈറ്റിൽ ഇടണമെന്ന്. അതുകൊണ്ട് കാര്യമില്ലല്ലോ.

**■ ഹിൽ സ്റ്റേഷനുകൾ വേണ്ടെന്നും ടൂറിസം റിസോർട്ടുകൾ വനം പരിസ്ഥിതി മന്ത്രാലയത്തിൻെറ നയത്തിൻെറ അടിസ്ഥാനത്തിലേ ആരംഭിക്കാവൂയെന്നും ഗാഡ്ഗിൽ കമ്മിറ്റി നിർദേശിച്ചിരുന്നു. അതിനോടുള്ള കസ്തൂരിരംഗൻ കമ്മിറ്റിയുടെ സമീപനം എന്താണ്?**

ടൂറിസവും റിസോർട്ടും ആകാമെന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ, carrying capacity യെ സംബന്ധിച്ച് പഠനം നടത്തണമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഹിൽസ്റ്റേഷനെ സംബന്ധിച്ച് ഒന്നും തന്നെ പറഞ്ഞിട്ടില്ല.

**■ അതേസമയം വിൻഡ് മില്ലുകളുടെ കാര്യത്തിൽ പോസിറ്റീവായ നിലപാടും കസ്തൂരിരംഗൻ എടുത്തിട്ടുണ്ടല്ലോ. അത് വേണ്ട എന്നാണല്ലോ ശുപാർശ. അത്തരം പോസിറ്റീവ് ഭാഗവും നമ്മൾ കാണണ്ടേ?**

വിൻഡ് മില്ലിൻെറ കാര്യത്തിലും പരിസ്ഥിതി ആഘാതപഠനം വേണമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഗാഡ്ഗിൽ കമ്മിറ്റി പറഞ്ഞിരിക്കുന്നത് വിൻഡ്മിൽ സോൺ ഒന്നിൽ വരാൻ പാടില്ലെന്നാണ്.ഇവർ പ്രശ്നങ്ങളുണ്ടാകുമെന്ന് പറയുന്നുണ്ട്. പക്ഷേ, നിയന്ത്രണത്തോടെ ചെയ്യാമെന്നാണ് പറയുന്നത്.

**■ ഒരു വിഭാഗം രാഷ്ട്രീയക്കാരിൽനിന്നും മതമേലധ്യക്ഷൻമാരിൽനിന്നും സഭകളിൽ നിന്നുമുൾപ്പെടെ ഗാഡ്ഗിൽ കമ്മിറ്റിക്ക് എതിരെ ഏറ്റവും അധികം വിമർശം ഉയർന്ന സംസ്ഥാനം കേരളമാണ്. ശുപാർശ നടപ്പാക്കിയാൽ ജനങ്ങൾ കുടിയിറക്കപ്പെടും എന്നതുൾപ്പെടെ ആരോപിച്ചിരുന്നു. പക്ഷേ, ഇപ്പോൾ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് വരുമ്പോൾ നിലവിൽ തന്നെ ദുർബലമായ കേരളത്തിലെ പരിസ്ഥിതി സംരക്ഷണ രംഗത്തെ ഇത് എങ്ങനെയാവും പ്രതികൂലമായി ബാധിക്കുക?**

ഒന്നാമത്, ജനങ്ങളെ കുടിയിറക്കുക എന്ന വാക്ക് ഗാഡ്ഗിൽ കമ്മിറ്റി ഒരിടത്തും പറഞ്ഞിട്ടില്ല. അങ്ങനെ ഏത് പേജിലാണ് പറഞ്ഞിരിക്കുന്നതെന്ന് പറയൂ. ഞാൻ പരസ്യമായി മാപ്പ് ചോദിക്കാം, ഗാഡ്ഗിലിനെ കൊണ്ടും മാപ്പ് ചോദിപ്പിക്കാം. അങ്ങനെ ഒരിക്കലും നമ്മൾ പറയില്ല. പക്ഷേ, അത് തെറ്റായിപ്പറഞ്ഞ് ഊതിവീർപ്പിച്ച് കസ്തൂരിരംഗനിൽ വരെ അങ്ങനെയൊരു തോന്നൽ ഉണ്ടാക്കി. ഈ റിപ്പോർട്ടിൽ അതുകൊണ്ട് തന്നെ ഒരു സ്ഥലത്ത് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് people friendly അല്ലായെന്ന് പറഞ്ഞിട്ടുണ്ട്.

**■ അപ്പോൾ കസ്തൂരിരംഗൻ കമ്മിറ്റി കേരളത്തിലെ പരിസ്ഥിതിരംഗത്തെ പ്രതികൂലമായിട്ടാവുമോ ബാധിക്കുക?**

അതിലെന്താണ് സംശയം. ഒരു നിയന്ത്രണവുമില്ലല്ലോ. നിയന്ത്രിക്കേണ്ട ഏജൻസികൾ നിലവിലുള്ളതൊക്കെ തന്നെയാണ്. വനംവകുപ്പ്, മലിനീകരണനിയന്ത്രണ ബോഡ്, ജൈവവൈവിധ്യ ബോഡ് എന്നിവയാണ് നിയന്ത്രിക്കേണ്ട ഏജൻസികൾ. ജൈവവൈവിധ്യ ബോഡ് മാത്രമാണ് പുതുതായി രൂപവത്കരിച്ചത്. ബാക്കിയുള്ളവയെല്ലാം സ്വാതന്ത്ര്യം കിട്ടിയ നാൾ മുതൽ ഇവിടെ തന്നെയുള്ളവയാണ്. എന്നിട്ട് വനത്തിന് എന്ത് സംഭവിച്ചു. മലിനീകരണം കുറഞ്ഞോ? ഞങ്ങൾ ലക്ഷ്യമിട്ടത് ഇവയെ എല്ലാം ഏകോപിപ്പിച്ച് അവരുടെ സമീപനം മാറ്റാനായി ജനങ്ങളെ ഉൾക്കൊള്ളിച്ചുള്ള ഒരു ഭരണസമ്പ്രദായമാണ്. ഇതിനകത്ത് അതൊന്നും വരുന്നില്ലല്ലോ. അ



മൊണ്ടേക് സിങ് അലുവാലിയ

പി. ചിദംബരം



താണ് ഈ വ്യത്യാസം വരുന്നത്. ഒരു ഐ.എ.എസ്. ഓഫീസർ എന്നോട് ചോദിച്ചത് പഞ്ചായത്തുകളെ എങ്ങനെ വിശ്വസിക്കാൻ പറ്റുമെന്നാണ്. ഇപ്പോഴും പഞ്ചായത്തുകൾക്ക് ബാറുകൾ തുടങ്ങാൻ അനുമതി നൽകാനുള്ള അധികാരം നൽകിയല്ലോ. അത് എത്ര പഞ്ചായത്തുകൾ ദുരുപയോഗം ചെയ്തു. പക്ഷേ, പത്ത് പഞ്ചായത്തുകൾ വല്ലതും അങ്ങനെ അനുമതി കൊടുത്തിട്ടുണ്ടാവും. പക്ഷേ, ബഹുഭൂരിപക്ഷം പഞ്ചായത്തുകളും കൊടുത്തിട്ടില്ലല്ലോ. 998 പഞ്ചാത്തുകളിൽ നൂറ് പഞ്ചായത്തുകൾ അത് തെറ്റായി ഉപയോഗിച്ചുവെന്നിരിക്കട്ടെ. എന്നാലും സിസ്റ്റം അതുതന്നെയാണ് നല്ലത്. കസ്തൂരിരംഗൻകമ്മിറ്റി ഒരു മെമ്പൊടിക്ക് പറഞ്ഞിട്ടുണ്ട്, വികസനപ്രവർത്തനങ്ങൾ തീരുമാനിക്കുമ്പോൾ പ്രാദേശിക പഞ്ചായത്തുകളുമായി ആലോചിക്കണമെന്ന്. മെമ്പൊടിക്കെന്നേ ഞാൻ പറയത്തുള്ളൂ. അവരുടെ അനുമതി വേണമെന്ന് പറഞ്ഞിട്ടില്ല. അവരുമായി കൺസൾട്ടേഷൻ നടത്തണമെന്നേ പറഞ്ഞിട്ടുള്ളൂ.

**■ കേരളത്തിൽ ഇപ്പോൾ തന്നെ പരിസ്ഥിതി ദുർബല പ്രദേശമായ ഇടുക്കി, മൂന്നാർ, വയനാട് എന്നിവിടങ്ങളിലൊക്കെ പരിസ്ഥിതിക്ക് മേലുള്ള കൈയേറ്റം ഇനിയും വർധിക്കും?**

ഇപ്പോൾ അതിന് ഓപ്പൺ ലൈസൻസ് കൊടുത്തു. അല്ലെങ്കിൽ ഉദാഹരണമായി ക്വാറിയിങ് എടുക്കാം. അത് എങ്ങനെ നിയന്ത്രിക്കണമെന്ന് പ്രത്യേകമായ ശുപാർശ കൊടുക്കണമായിരുന്നു. പക്ഷേ, ഒന്നും പറയുന്നില്ല. ക്വാറിയിങ് നാച്ചറൽ ലാൻഡ്സ്കേപ്പിൽ പാടില്ലെന്ന് മാത്രമെ പറയുന്നുള്ളൂ. അവിടങ്ങളിൽ ക്വാറിയിങ് ഇപ്പോൾ തന്നെ വളരെ കുറവാണ്. കാടിന്റെയുള്ളിലാണത്. ക്വാറിയിങ് നടക്കുന്നത് അതിന് വെളിയിലാണ്. അപ്പോൾ വെളിയിൽ സുഖമായി ഇനി അത് ചെയ്യാൻ കഴിയും. ഏറ്റവും അധികം പാരിസ്ഥിതിക പ്രശ്നമുണ്ടാക്കുന്നത് വന്യമൃഗസംരക്ഷണ കേന്ദ്രത്തിനകത്തോ റിസർവ് വനത്തിനുള്ളിലോ അല്ല. പുറത്താണ്. അപ്പോൾ സാങ്ച്വറി മാത്രം ഇങ്ങനെ സംരക്ഷണ മേഖലയായി കൊണ്ടുവരുന്നതിലെ യുക്തി മനസ്സിലാകുന്നില്ല. അതിന് പുറത്തായിരുന്നു നിയന്ത്രണം കൊണ്ടുവരേണ്ടിയിരുന്നത്.

**■ ഗാഡ്ഗിൽ കമ്മിറ്റി അന്തിമ ശുപാർശ നൽകിയത് മൂന്ന് വിഷയങ്ങളിലാണ്. ഒന്ന് അതിരപ്പിള്ളി. രണ്ട്, കർണാടകയിലെ ഗുണ്ടിയ. പിന്നെ മഹാരാഷ്ട്രയിലെ രത്നഗിരി, സിന്ധ് ദുർഗ്. കേരളത്തിൽ ഇപ്പോൾ വരൾച്ച രൂക്ഷമായിരിക്കുന്ന സമയത്ത് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ജലവൈദ്യുത പദ്ധതികളും ആണവനിലയവും വേണമെന്ന മുറവിളിയാണുള്ളത്. ആ സാഹചര്യത്തിൽ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയെ സംബന്ധിച്ച ഗാഡ്ഗിൽ കമ്മിറ്റിയുടെയും കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിലെയും അന്തരം എന്താണ്?**

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് ഇതിനെ കുറിച്ച് അന്തിമമായ ശുപാർശ കൊടുക്കുക എന്നതാണ്. അത് നമ്മൾ കൊടുത്തു. അതിനു മുൻപ് അവിടെ സന്ദർശിച്ചു. നിരവധി രേഖകളും പഠനങ്ങളും പരിശോധിച്ചു. മാത്രമല്ല ജനകീയമായ ഒരു തീരുമാനം കൂടിയായിരുന്നു അത്. പബ്ലിക്ക് ഹിയറിങ്ങിൽ ഒരാൾ മാത്രമാണ് ജലവൈദ്യുത പദ്ധതിക്ക് അനുകൂലമായി സംസാരിക്കാനുണ്ടായിരുന്നത്. ടെക്നിക്കൽ കമ്മിറ്റി യോഗം വിളിച്ചുകൂട്ടി. വൈദ്യുതി ബോഡ്, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ, കെ.എഫ്.ആർ.ഐ. ശാസ്ത്രജ്ഞരും പദ്ധതിക്ക് എതിരായി നിൽക്കുന്ന ചാലക്കുടി പുഴ സംരക്ഷണ സമിതിയുടെ ആൾക്കാരും ഉൾപ്പെടെ. അവിടെ വെച്ച് വൈദ്യുതി ബോഡ് ഉദ്യോഗസ്ഥർ പദ്ധതി വിശദീകരിച്ചു. ജൈവവൈവിധ്യം ഒക്കെ മാറ്റിവെച്ചാൽ പ്രധാന പോയിൻറ് വെള്ളത്തിന്റെ ലഭ്യതയായിരുന്നു. ബോഡിന്റെ വിശദമായ പ്രൊജക്ട് റിപ്പോർട്ടുണ്ട്. അതിൽ വെള്ളത്തിന്റെ ലഭ്യത കൊടുത്തിട്ടുണ്ട്. ഇടമലയാർ ഡൈവർഷൻ സ്കീമിൽ കൂടി പോയിട്ട് ബാക്കിയുള്ള വെള്ളമാണ് ഇവിടെ ലഭിക്കുക. അത് പെരിങ്ങൽകുത്തിൽ ▶



ഫോട്ടോ രാമനാഥ് പൈ



ഫോട്ടോ: ഇ. ഉണ്ണികൃഷ്ണൻ

നിന്നാണ് ഇങ്ങോട്ട് വരുന്നത്. അവിടത്തെ വെള്ളത്തിന്റെ daily discharge 1984 മുതലുള്ളത് വിവരാവകാശ നിയമ പ്രകാരം ചോദിച്ചിട്ട് അതിന്റെ ആവറേജ്, പദ്ധതിക്ക് എതിരായുള്ളവർ കണക്ക് കൂട്ടി. എന്നിട്ട് ഇത്രയും വെള്ളം ഉപയോഗിച്ച് നിങ്ങൾ അവകാശപ്പെടുന്ന 163 മൊഗാവാട്സ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയില്ലെന്ന് അവർ പറഞ്ഞു. ഏറ്റവും കൂടുതൽ 25 മെഗാവാട്സ് ഉത്പാദിപ്പിക്കാൻ കഴിയും. മറിച്ച് സ്ഥാപിക്കാൻ പറഞ്ഞിട്ട് ബോർഡിൽ നിന്നൊരാളും ഒരക്ഷരം പറഞ്ഞില്ല. അപ്പോൾ പിന്നെ എന്താണ് തീരുമാനിക്കേണ്ടത്. ഗാഡ്ഗിൽ കമ്മിറ്റി സ്വതന്ത്രമായി വിശകലനം ചെയ്യുകയും ഉണ്ടായി. അപ്പോൾ വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ടാവില്ലെന്ന് മനസ്സിലായി. പിന്നെ ജൈവവൈവിധ്യം ഉൾപ്പെടെ ഒരുപാട് ഘടകങ്ങളുമുണ്ട്. അതുകൊണ്ട് പദ്ധതി വേണ്ടെന്ന് വെച്ചു. ഊർജം വേണ്ടെന്ന് ഗാഡ്ഗിൽ കമ്മിറ്റി ഒരിടത്തും പറഞ്ഞിട്ടില്ല. ഞങ്ങളതിന് ബദൽ പറഞ്ഞിട്ടുണ്ട്. 1200 കോടി രൂപയോ മറ്റോ ആണ് അതിരപ്പിള്ളി പദ്ധതിക്ക് ചെലവ് വരുമെന്ന് പറയുന്നത്. അത് കൂടിക്കൂടി പോവുകയേ ഉള്ളൂ. കുറയുന്ന പ്രശ്നമേയില്ല. ഈ 1200 കോടി രൂപയുണ്ടെങ്കിൽ 100-150 മെഗാവാട്സ് സോളാർ പവർ ഉത്പാദിപ്പിക്കാം.

**ജനങ്ങളെ കുടിയിറക്കുക എന്ന വാക്ക് ഗാഡ്ഗിൽ കമ്മിറ്റി ഒരിടത്തും പറഞ്ഞിട്ടില്ല. അങ്ങനെ ഒരിക്കലും നമ്മൾ പറയില്ല. പക്ഷേ, അത് തെറ്റായിപ്പറഞ്ഞ് ഊതിവീർപ്പിച്ച് കസ്തൂരിരംഗനിൽ വരെ അങ്ങനെയൊരു തോന്നൽ ഉണ്ടാക്കി.**

**■ കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശ എന്താണ്?**

ഊർജം ആവശ്യമാണെന്ന് പറഞ്ഞിട്ടുണ്ട്. അത് സംബന്ധിച്ച് ഒരു തർക്കവുമില്ല. ഇതിൽ അവർ ഒരു വ്യവസ്ഥ വെച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞത് 30 ശതമാനം വെള്ളത്തിന്റെ ഒഴുക്ക് ഉറപ്പിക്കണമെന്നതാണത്. പിന്നെ, അടുത്തുള്ള പ്രൊജക്ടും ഇതും തമ്മിൽ മൂന്ന് കി.മീറ്റർ ദൂരം വേണം. കൂടാതെ നദിയുടെ 50 ശതമാനത്തിൽ കൂടുതൽ പദ്ധതിയുടെ ഭാഗമാകാൻ പാടില്ല. ഈ മൂന്ന് നിർദേശങ്ങളും വെച്ച് പദ്ധതി പുനർവിലയിരുത്തി വീണ്ടും സമർപ്പിക്കാനുള്ള സ്വാതന്ത്ര്യം കേരള സർക്കാരിന് കൊടുത്തിട്ടുണ്ട്. പദ്ധതിയോട് 'നോ' പറഞ്ഞിട്ടില്ല. പക്ഷേ, ഈ പറഞ്ഞ വ്യവസ്ഥകൾ വെച്ചാണെങ്കിൽ അത് നടപ്പിൽ വരാൻ പോകുന്നില്ല.

**■ കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകൾ വെച്ചുപോലും അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പാവില്ല?**

പദ്ധതി ഏതാണ്ട് viable അല്ലായെന്ന് അവർ പറയുന്നുണ്ട്. But they left it to the government. പുനർ വിലയിരുത്തിയിട്ട് കൊടുക്കാനാണ് പറഞ്ഞിരിക്കുന്നത്. അതിനി എങ്ങനെ വരുമെന്ന് അറിയത്തില്ല. അങ്ങനെ ഒരു ഓപ്ഷൻ കൊടുക്കേണ്ട യാതൊരു കാര്യവുമുണ്ടായിരുന്നില്ല. 30 ശതമാനം വെള്ളത്തിന്റെ ഒഴുക്ക് മിനിമം വേണമെന്നാണ് പറയുന്നത്. ഈ 30 ശതമാനമെന്നത് ആര്

തീരുമാനിച്ചുവെന്നത് നമുക്കറിയില്ല. എന്തുകൊണ്ടത് 40% അല്ലെങ്കിൽ 20% ആയിക്കൂടായെന്ന് ചോദിച്ചാൽ എനിക്കറിയില്ല എന്താണ് മാനദണ്ഡമെന്ന്. മാത്രമല്ല ഇത്രയും വലിയ ഡോക്യുമെൻറ്സ് കൈയിലുള്ളപ്പോഠം പിന്നെയും തീരുമാനം മാറ്റാമെന്ന് പറയുന്നതിൽ അടിസ്ഥാനമില്ല. ഗുണ്ടിയ പദ്ധതിയുടെ കാര്യത്തിലും രത്നഗിരിയിലും സിന്ത്ദുർഗിലും ഇതുപോലെത്തന്നെയാണ് കസ്തൂരിരംഗൻ കമ്മിറ്റിയുടെ നിലപാട്. രത്നഗിരിയിലും സിന്ത്ദുർഗിലും നാച്വറൽ ലാൻഡ്സ്കേപ്പ് അതായത് പരിസ്ഥിതി ലോല പ്രദേശത്തിന് (ഇ.എസ്.എ.) അകത്താണെങ്കിൽ റെഡ് കാറ്റഗറി വ്യവസായങ്ങഠം പറ്റില്ലെന്ന് പറയുന്നു. അതല്ലെങ്കിൽ നിയമങ്ങഠംക്ക് അനുസൃതമായി ചെയ്യാമെന്നാണ് പറയുന്നത്. അവിടെ ഒരു മൊറട്ടോറിയമാണ് ഗാഡ്ഗിൽ കമ്മിറ്റി ശുപാർശ ചെയ്തത്. അത് ഇവർ ഓപ്പൺ ചെയ്തു.

**■ വളരെ പഴക്കം ചെന്നതും എന്താവശ്യത്തിന് നിർമിച്ചുവോ ആ ആവശ്യം നിറവേറ്റാത്തതുമായ ഡാമുകഠം ഡീ കമ്മീഷനിങ് ചെയ്യണമെന്ന് ഗാഡ്ഗിൽ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. അതുസംബന്ധിച്ച് കസ്തൂരിരംഗൻ കമ്മിറ്റിയുടെ നിലപാട് എന്താണ്?**

ഡാം ഡീകമീഷനിങ് ചെയ്യൽ പ്രായോഗികമല്ലെന്നാണ് സംസ്ഥാന സർക്കാർ എഴുതിയിരിക്കുന്നതെന്നാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്. ഡീകമ്മീഷനിങ് വേണമോ വേണ്ടയോ എന്ന് പറഞ്ഞിട്ടില്ല. സംസ്ഥാന സർക്കാരുകഠം എഴുതിയത് റിപ്പോർട്ടിൽ ആവർത്തിച്ചിരിക്കുന്നു. പ്രത്യേകിച്ചും കേരളവും മഹാരാഷ്ട്രയും ആണത് ആവശ്യപ്പെട്ടത്.

**■ ചുരുക്കിപ്പറഞ്ഞാൽ നിയമസഭയിലും പുറത്തും ഗാഡ്ഗിൽ കമ്മിറ്റിക്ക് എതിരെ ഉന്നയിച്ചിരുന്ന വിമർശനങ്ങഠംക്കുള്ള അംഗീകാരമാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട്?**

അങ്ങനെ തീർത്തു പറയാം. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന് എതിരായിട്ട് നിന്നിരുന്നത് ചില ലോബികളാണ്. നിർഭാഗ്യവശാൽ സർക്കാരും അവരുടെ അതേ വാദങ്ങഠം തന്നെ മുന്നോട്ടുവെച്ചു. ഈ റിപ്പോർട്ട് അതിനെ അനുകൂലിച്ചുകൊണ്ടുള്ളതാണ്. മൈനിങ്, ക്വാറിയിങ് ലോബിക്കാണിതുകൊണ്ട് ഗുണമുണ്ടാകുന്നത്. കസ്തൂരിരംഗൻ കമ്മിറ്റിയുടെ ഒറ്റ നോട്ടം ജി.ഡി.പി.യാണല്ലോ. പാറ പൊട്ടിച്ചാലല്ലേ ജി.ഡി.പി. കൂടുകയുള്ളൂ.

**■ കേരളത്തിൽ രാഷ്ട്രീയ നേതൃത്വത്തിനും സഭകഠംക്കുമേലും ഒക്കെ ഇത്ര സമ്മർദം ചെലുത്തിയത് ഈ സാൻഡ് മൈനിങ്, ക്വാറിയിങ് ലോബിയാണെന്നാണോ?**

ഒന്നാമത് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ശരിക്ക് മനസ്സിലാക്കിയിട്ടില്ല. ഞാൻ ഇതിനെക്കുറിച്ച് പലസ്ഥലത്തും പോയി സംസാരിച്ചു. ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള സ്ഥലങ്ങളിൽ രണ്ട് പള്ളികളിൽപ്പോയി അവര് തന്നെ വിളിച്ചിട്ട് സംസാരിച്ചിട്ടുണ്ട്. അവിടെയൊക്കെ ചിന്താഗതിയിൽ മാറ്റം വന്നുകഴിഞ്ഞു. മൂന്ന് പ്രാവശ്യം തൊടുപുഴയിൽ തന്നെ പോയി സംസാരിച്ചു. അവർക്ക് കാര്യങ്ങഠം അറിയില്ലായിരുന്നു. ഇപ്പോഠം മാറ്റം വന്നു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചുള്ള ആരോപണങ്ങഠം ഊതിവീർപ്പിച്ചവയാണ്. കർഷകരെ പുകമറയാക്കി പിറകിൽ നിന്നിരുന്നത് മറ്റേ ഗ്രൂപ്പാണെന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്.

**■ ഏത് ഗ്രൂപ്പ്?**

ഈ ക്വാറിയിങ് ലോബി പോലെയുള്ള ഗ്രൂപ്പ്. സംശയം അങ്ങനെയാണ്. കാരണം ഗാഡ്ഗിൽ ശുപാർശകഠം എതിരായിട്ട് ബാധിക്കാൻ പോകുന്നത് ഇവരെയാണ്. നിർഭാഗ്യവശാൽ കേരള അസംബ്ലിയിൽ പോലും അത് കൃത്യമായി പ്രതിഫലിച്ചില്ല. പക്ഷേ, മുഖ്യമന്ത്രി ഒരു കാര്യം പറഞ്ഞത് ഗാഡ്ഗിൽ കമ്മിറ്റിയുടെ നല്ല പോയിൻറ് മുഴുവൻ നിലനിർത്തണം, പിശകുള്ളത് വിശകലനം ചെയ്യണം എന്നാണ്. തള്ളിക്കളയാൻ പറഞ്ഞിട്ടില്ല. ആ ഒരു സംഗതിയാണ് സർക്കാർ കേന്ദ്ര സർക്കാരിൽ നൽകിയിരുന്നതെങ്കിലും കസ്തൂരിരംഗൻ കമ്മിറ്റി ഇത്തരം സമീപനം എടുത്തിരുന്നുവെങ്കിലും റിപ്പോർട്ടിൽ വലിയ മാറ്റങ്ങഠം ഉണ്ടാകുമായിരുന്നു. മോശമായ അഭിപ്രായങ്ങഠം ഉണ്ടെങ്കിൽ അത് ഏതൊക്കെയെന്ന് പറയണ്ടേ? അത് പറഞ്ഞിട്ടില്ല.

**■ ലോബിയെന്ന് പറയുമ്പോഠം രാഷ്ട്രീയത്തിലാകട്ടെ പി.സി. ജോർജടക്കം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന് എതിരെ കടുത്ത വിമർശം ഉന്നയിച്ചവരാണ്?**

ഞാനാരുടെയും പേരെടുത്ത് പറയാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിൽ പൊതുജനങ്ങളുടെ താത്പര്യം കണക്കാക്കാതെ ചെറിയ ഒരു വിഭാഗം ആഠംക്കാരുടെ താത്പര്യം മാത്രം കണക്കാക്കിയവരാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന് എതിരായി സംസാരിച്ചിട്ടുള്ളവർ എന്ന് ഞാൻ വ്യക്തമായി പറയാം. അതിൻെറ ഗുണം കിട്ടാൻ പോകുന്നത് നിയമവിരുദ്ധ നടപടികഠം നടത്തിക്കൊണ്ടിരിക്കുന്നവർക്കാണ്. ഗോവയിൽ അനധികൃത മൈനിങ് മൂലം 35,000 കോടി രൂപയുടെ നഷ്ടമാണ് സർക്കാരിനുണ്ടാകുന്നത്. ഷാ കമ്മീഷൻെറ റിപ്പോർട്ട് പ്രകാരമാണിത്. കേരളത്തിലെ വെസ്റ്റേൺഘട്ടിൽ അതുപോലൊരു കമ്മീഷനെ വെച്ചു കഴിഞ്ഞാൽ അറിയാം അനധികൃതവും ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും നടത്തുന്ന ക്വാറിയിങ് കാരണം സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടമാണ് സംഭവിക്കുന്നതെന്ന്.

**■ ഏകദേശം എത്ര കോടി രൂപ വരുമത്?**

എന്നോട് പറഞ്ഞത് 200 അനധികൃത പാറമട ഉടുമ്പൻചോല താലൂക്കിൽത്തന്നെ ഉണ്ടെന്നാണ്. ഇ ▶

> **ഡോ. കസ്തൂരിരംഗൻ സെൻസിബിളായ മനുഷ്യനാണ്. കാര്യങ്ങൾ വ്യക്തമായി പറഞ്ഞുകൊടുത്തിരുന്നുവെങ്കിൽ മനസ്സിലാകുമായിരുന്നു. അതിനുള്ള ഒരവസരം കിട്ടിയില്ല. പ്ലാനിങ് കമ്മീഷൻെറ അതേ സമീപനം തന്നെയാണ് ഈ റിപ്പോർട്ടിൽ സ്വീകരിച്ചിരിക്കുന്നത് മുഴുവൻ.**


വർത്തമാനത്തിൻെറ
# നേരറിവ്



**മലയാളത്തിലെ മികച്ച മാസിക**
**ചീഫ് എഡിറ്റർ രാവുണ്ണി**

മാർച്ച്- ഏപ്രിൽ ലക്കം
സച്ചിദാനന്ദൻ, കടമ്മനിട്ട, വൈശാഖൻ
റഫീക് അഹമ്മദ്, ഇറോം ഷർമിള
പരിണാമൻ, വേര പാവ്‌ലോവ
സജയ് കെ.വി, എം.ജി. ബാബു, മ്യൂസ് മേരി
ജയൻ ചെറിയാൻ, കെ.ആർ. ടോണി
വിദ്യാധരൻ മാസ്റ്റർ
ലോക കവിതാജാലകം : ബിന്ദു കൃഷ്ണൻ
ലോക ചിത്രകലാപരിചയം : കവിതാ ബാലകൃഷ്ണൻ

ഒറ്റപ്രതി : 20 രൂപ, 12 ലക്കം : 200 രൂപ
6 വർഷം : 1000 രൂപ

**നേരറിവ് മാസിക**
കൊളാടിപ്പടി, തൈക്കാട് പി.ഒ.-680 104
എഡിറ്റർ 7403311225
മാനേജർ 9495039817, 9446381102
e-mail : nerarivumagazine@gmail.com
ഏജൻസികൾ ക്ഷണിക്കുന്നു

തിൽ ഒരു കമ്മീഷനെ വെക്കണമെന്ന് ഞാൻ ഒരു എം.എൽ.എ.യോട് പറഞ്ഞു. പിന്നെ തീരദേശ പരിപാലന നിയമം ലംഘിക്കുന്നതിനെക്കുറിച്ച് അന്വേഷിക്കാനും ഒരു കമ്മീഷൻ വേണം.

**■ ഗാഡ്ഗിൽ കമ്മിറ്റി പുതിയ റെയിൽപാതകളുടെയും റോഡുകളുടെയും കാര്യത്തിൽ വളരെ ശ്രദ്ധാപൂർവമായ പല നിർദേശങ്ങളും നൽകിയിട്ടുണ്ട്. കസ്തൂരിരംഗൻ കമ്മിറ്റിയും ആ ഒരു നിലപാടാണോ എടുക്കുന്നത്?**

കസ്തൂരിരംഗൻ കമ്മിറ്റി റെയിൽവേ ലൈൻ ആകാമെന്ന് പറഞ്ഞിട്ടുണ്ട്. ഗാഡ്ഗിൽ കമ്മിറ്റിയും വേണ്ടാന്ന് പറഞ്ഞിട്ടില്ല. ആകാം പക്ഷേ, അത്യാവശ്യമുള്ള സ്ഥലത്ത് സമഗ്ര ആഘാത നിർണയത്തിന് ശേഷമേ ആകാവൂയെന്നാണ്. റോഡും വേണ്ടായെന്ന് പറഞ്ഞിട്ടില്ല. റോഡിന്റെ കാര്യത്തിൽ സമഗ്രാഘാത നിർണയം വേണമെന്ന് അവരും പറഞ്ഞിട്ടുണ്ട്.

**■ പക്ഷേ, കേരള സർക്കാർ കസ്തൂരിരംഗൻ കമ്മിറ്റിക്ക് നൽകിയ കത്തിൽ എതിർപ്പുള്ള വിഷയങ്ങൾ മുഴുവൻ പറയുന്നുണ്ട്. അത് ചർച്ച ചെയ്തിട്ടാണ് കസ്തൂരിരംഗൻ കമ്മിറ്റി ഒരു തീരുമാനമെടുത്തതെന്ന് അവർക്ക് വാദിക്കാമല്ലോ. പിന്നെ കസ്തൂരിരംഗനെ കുറ്റംപറയാൻ പറ്റുമോ?**

കസ്തൂരിരംഗൻ കമ്മിറ്റിക്ക് നൽകിയ മാൻഡേറ്റ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ വിലയിരുത്തി അതിനെയെങ്ങനെ മുന്നോട്ട് കൊണ്ടുപോകാമെന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ അപാകങ്ങൾ എന്താണ്, ശുപാർശകളിലെ പ്രശ്നങ്ങൾ എന്താണ് എന്ന് പറയേണ്ടിയിരുന്നു. ഇത്ര പോയിൻറ്സ് സ്വീകരിക്കാം, ഇന്ന പോയിൻറ്സിന് കുറച്ചുകൂടി വ്യക്തത വേണം, അത് ഗാഡ്ഗിൽ കമ്മിറ്റിയുമായി കൺസൾട്ട് ചെയ്ത് സ്വീകരിക്കാം. പിന്നീട് ഇത്രയും പോയിൻറ്സ് ഒരു കാരണവശാലും അംഗീകരിക്കാൻപറ്റില്ല. ഇങ്ങനെ മൂന്നായി തരംതിരിച്ച് അവർക്ക് കൊടുക്കാമായിരുന്നല്ലോ. ഇത്രയും പ്രശ്നമൊന്നും ഉണ്ടാകില്ലായിരുന്നല്ലോ. ഈ രണ്ട് കമ്മിറ്റികളും തമ്മിൽ ചർച്ചയും വന്നേനെ. സ്വീകരിക്കാൻ കഴിയാത്തതെന്ന് പറയുന്ന പോയിൻറ്സ് മാത്രം ഗാഡ്ഗിൽ കമ്മിറ്റിക്ക് അയച്ചുകൊടുക്കാമായിരുന്നല്ലോ.

**■ ഇക്കോ സിസ്റ്റം സർവീസ് വാല്യൂവിനെ കുറിച്ച് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ടല്ലോ?**

ഇത് ഏറ്റവും പുതിയ ചിന്തയാണ്. ഉദാഹരണത്തിന് തണ്ണീർത്തടങ്ങളെ സംബന്ധിച്ച് ഐ.യു.സി.എൻ-ൻെറതന്നെ പഠനമുണ്ട്. അതിൽ പറയുന്നത് ഒരു ഹെക്ടർ തണ്ണീർത്തടം സംരക്ഷിക്കുകയാണെങ്കിൽ 22,24,350 രൂപയുടെ പരോക്ഷമായ ഗുണങ്ങൾ നമുക്ക് കിട്ടുന്നുണ്ടെന്നാണ്. പരോക്ഷഗുണമെന്നാൽ തണ്ണീർത്തടത്തിന്റെ അടുത്തുള്ള കിണറിലോ കുളത്തിലോ എപ്പോഴും വെള്ളം കാണും. അല്ലെങ്കിൽ ആറൻമുള വിമാനത്താവള ഭൂമിയുടെ കാര്യത്തിൽ അവിടത്തെ നെൽവയൽ നികത്താതിരിക്കാൻ ജനങ്ങൾ പറഞ്ഞ കാര്യങ്ങളിലൊന്ന് ഇതുതന്നെയാണ്. പമ്പാനദി കരകവിഞ്ഞ് ഒഴുകുമ്പോൾ നമ്മുടെ വീടുകളൊക്കെ സംരക്ഷിക്കാനുള്ള സംവിധാനമാണതെന്നാണ് അവർ പറഞ്ഞത്. ഈ നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും ഉള്ളതുകൊണ്ട് ഒരു പരിധിവരെ ആ വെള്ളത്തിനെ അവിടെ പിടിച്ചുനിർത്തും. അതിന്റെ വില

**കസ്തൂരിരംഗന്റെ വിശ്വാസ്യത മുഴുവൻ സ്പേസ് റിസർച്ചിലാണ്. ഈ കമ്മിറ്റിയുടെ ക്രെഡിബിലിറ്റി എന്ന് പറയുന്നത് ഇക്കോളജിക്കൽ സയൻസിലാണ്. മാധവ് ഗാഡ്ഗിൽ ഒരു ടോപ്പ്മോസ്റ്റ് ഇക്കോളജിക്കൽ സയൻറിസ്റ്റാണ്. ഈ രണ്ട് വ്യത്യാസമുണ്ട് ഇരു കമ്മിറ്റികളും തമ്മിൽ.**

യാണ് നേരത്തേ പറഞ്ഞ ഒരു ഹെക്ടറിന് ഇത്ര തുകയെന്നത്. ഇതുപോലെ കാടുകൾക്കുമുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് റിസർച്ചിന്റെ കണക്ക് പ്രകാരം 10 ലക്ഷം രൂപയാണ് ഒരു ഹെക്ടർ വനത്തിൽനിന്ന് കിട്ടുന്ന പരോക്ഷ ഗുണത്തിന്റെ വില. അതിന്റെ ഒരു ഓഹരി ജനങ്ങൾക്ക് കൊടുക്കുകയെന്നാൽ നല്ല ആശയമാണ്. എന്നാൽ കസ്തൂരിരംഗൻ കമ്മിറ്റി പറയുന്നത് അങ്ങനെയല്ല. പശ്ചിമഘട്ടത്തിലെ സേവനങ്ങൾ ഉപയോഗിക്കുന്നുണ്ടല്ലോ. അതിലൊന്ന് വെള്ളമാണ്. കാട്ടിൽനിന്ന് വെള്ളം ഒഴുകി വരുന്നുണ്ടല്ലോ. ആ വെള്ളം ഉപയോഗിക്കുന്നത് ആരാണ്. മുനിസിപ്പാലിറ്റി വഴി ജനങ്ങൾക്ക് കൊടുക്കുന്നു. അതിന്റെ കാശ് കൊടുക്കണം. അപ്പോൾ പ്രകൃതിയിൽനിന്ന് നമുക്ക് കിട്ടുന്ന വെള്ളം ഇതുവഴി സ്വകാര്യവത്കരിക്കുകയാണ്. ഇക്കോസിസ്റ്റത്തിന്റെ സേവനം ഉപയോഗിക്കുന്നവർ പൈസ തിരിച്ച് കൊടുക്കണമെന്നാണ്. അതിലൊന്ന് വെള്ളമല്ലേ. ഇതെല്ലാം നല്ല മധുരമുള്ള ഭാഷയിൽ പൊതിഞ്ഞ് ഉപയോഗിച്ചിരിക്കുകയാണ്. ഇത്തരമൊരു സംവിധാനം വന്നാൽ വെള്ളത്തിന്റെ വില കൂടുകയും പാവപ്പെട്ടവർക്ക് കിട്ടാതെ ആവുകയുമാവും ഫലം.



ജയറാം രമേഷ്

**■ ഇത് ശരിക്കും ലോകബാങ്കും എ.ഡി.ബി.യും മുന്നോട്ടുവെക്കുന്നതുപോലുള്ള നിർദേശമല്ലേ?**

അതാണ് പറഞ്ഞത് ആദ്യമേ. ആ ലൈൻ ഓഫ് തിങ്കിങ്ങാണ്, അലുവാലിയയുടെ ലൈനല്ലേ. പക്ഷേ, പെട്ടെന്ന് കേൾക്കുമ്പോൾ നല്ല കാര്യമാണെന്ന് തോന്നില്ലേ.

**■ ശരിക്കും വെള്ളത്തിനുവരെ വിലയിടുക എന്നതിലേക്കാണ് പോകുന്നത്?**

അതെ. മറ്റൊരു കാര്യം, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പശ്ചിമഘട്ടത്തിലെ സംസ്ഥാനങ്ങൾക്ക് ഈ കാടുകൾ സംരക്ഷിക്കുന്നതിനാൽ ബജറ്റ് അലോക്കേഷൻ സമയത്ത് പ്രത്യേക പരിഗണന കൊടുക്കണമെന്നാണ്. അതിനെ കസ്തൂരിരംഗൻ കമ്മിറ്റി ഭയങ്കരമായി വിപുലീകരിച്ചു. എന്നിട്ട് എഴുതിയിരിക്കുന്നത് അധികമായ തുക കേന്ദ്രത്തിൽനിന്ന് നൽകേണ്ട ആവശ്യമില്ല എന്ന രീതിയിലാണ്. മറിച്ച് സംസ്ഥാനങ്ങൾ കടം വെച്ചുമാറുകയെന്നാണ് (debt swap) ശുപാർശ. സംസ്ഥാന സർക്കാറുകൾ കേന്ദ്രസർക്കാറിൽനിന്ന് എടുത്തിട്ടുള്ള വായ്പകൾ തിരിച്ചുകൊടുക്കാതെ പശ്ചിമഘട്ടത്തിന്റെ പരിസ്ഥിതിസംരക്ഷണത്തിന് ഉപയോഗിക്കാനുള്ള സംവിധാനം രൂപവത്കരിക്കണമെന്നാണ് ശുപാർശ. പക്ഷേ, തുക സംസ്ഥാനങ്ങൾ തന്നെ എന്തായാലും കണ്ടെത്തണം. ഇത് നടക്കാത്ത കാര്യമാണ്. ഫലത്തിൽ ഒന്നും നടക്കില്ല. ഒരാൾക്കും ഒരു പൈസയും കിട്ടില്ല. മറിച്ച് ഗാഡ്ഗിൽ കമ്മിറ്റി പറഞ്ഞിരിക്കുന്നത് തനതായ കൃഷി, മൃഗപരിപാലനം, മൽസ്യകൃഷി, വീട്ടുവളപ്പിൽ കാട്ടുമരങ്ങൾ വെച്ചുപിടിപ്പിക്കുന്നവർക്കെല്ലാം ധനസഹായം കൊടുക്കണമെന്നാണ്.

**■ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് ഗ്രീൻ ട്രിബ്യൂണലിൽ നടപടികൾ ഉണ്ടല്ലോ. ഇപ്പോൾ കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടും സമർപ്പിച്ചു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ ഭാവി എന്തായിരിക്കും?**

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന ശുപാർശകൾ അനുസരിച്ചേ കാര്യങ്ങൾ ചെയ്യാൻപാടുള്ളൂവെന്ന് ഗ്രീൻ ട്രിബ്യൂണൽ ഇപ്പോൾ തന്നെ ഉത്തരവ് കൊടുത്തിട്ടുണ്ട്. ഗാഡ്ഗിലിന് മുകളിൽ വേറൊരു കമ്മിറ്റി വന്നപ്പോൾ ഇനി ഏത് കമ്മിറ്റിയെയാണ് സർക്കാർ അംഗീകരിക്കുന്നതെന്ന് ഉടനെ അറിയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തെ എങ്ങനെ പ്രതിരോധിക്കാമെന്നാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ആദ്യംമുതൽ അവസാനംവരെ പറയുന്നത്.■